മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*301)

## കുടിയേറ്റവും പ്രവാസവും

1 (*301) ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. എ. സി. മൊയ്തീൻ):
ശ്രീ. പി. വി. അൻവർ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. ടി. ഐ. മധുസൂദനൻ):
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി സമൂഹത്തിന്റെ സംസ്കാരവും അസ്തിത്വവും നിലനിർത്തി മുന്നോട്ട് പോകുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് നാലാം ലോക കേരള സഭയിൽ ഉയർന്നുവന്നതെന്ന് അറിയിക്കാമോ;

(ബി) സമീപകാലത്തായി ഇന്ത്യ ഒട്ടേറെ വിദേശരാജ്യങ്ങളുമായി സമഗ്ര സഹകരണത്തിനുള്ള കരാറുകളിൽ ഒപ്പുവയ്ക്കാറുണ്ടെങ്കിലും അതിൽ കുടിയേറ്റം വിഷയമാകാറില്ല എന്നത് നാലാം ലോക കേരള സഭയിലെ ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുടിയേറ്റവും പ്രവാസവും ലോകത്താകെ ശക്തമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സംസ്ഥാനത്തുനിന്നുള്ള കുടിയേറ്റവും വർദ്ധിക്കാനിടയുണ്ടെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ കുടിയേറ്റ തൊഴിലാളികളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ മുൻകയ്യെടുക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം തദ്ദേശസ്വയംഭരണ- എക്സൈസ്- പാലർമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) നാടിന്റെ വികസനത്തിൽ പ്രമുഖ പങ്ക് വഹിക്കുന്ന പ്രവാസികളെ ഭരണനിർവ്വഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയയാണ് ലോക കേരള സഭ. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും

ക്രിയാത്മകമായ നിർദേശങ്ങൾ നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദിയാണ് ലോക കേരള സഭ. ലോക കേരള സഭയുടെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതുസമ്മതമായ തീരുമാനങ്ങൾ യൂണിയൻ-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ യത്നിക്കുന്നു.

നാലാം ലോക കേരള സഭ ലക്ഷ്യമിടുന്നത് അകംകേരളവും പുറം കേരളവും തമ്മിലുള്ള അകലം കുറച്ച് സഹകരിക്കാൻ സാധിക്കുന്ന സർവ്വ മേഖലകളിലും പരസ്പര സഹകരണവും കൂട്ടായ്മയും ഉറപ്പുവരുത്തുക എന്നതാണ്. മൂന്ന് സഭകളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ലോക കേരള സഭാ പ്രതിനിധികൾക്ക് സഭയ്ക്ക് പുറമേ ലോക കേരള സഭാ സെക്രട്ടേറിയറ്റുമായി നിരന്തരം ആശയവിനിമയം സാധ്യമാക്കാൻ ഒരു മെമ്പേഴ്സ് പോർട്ടൽ എന്ന

സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. പ്രവാസി മേഖല ഉൾപ്പെടെയുള്ള വിവിധങ്ങളായ വിഷയങ്ങൾ വിശദമായ പ്രൊപ്പോസലിന്റെ രൂപത്തിൽ സമർപ്പിക്കാനും പരാതികളും പ്രശ്നങ്ങളും അവതരിപ്പിക്കാനും കൂടാതെ മലയാളി സംഘടനകളും വ്യക്തികളും നടത്തുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാനും ലോക കേരള സഭയുടെ പ്രതിനിധികൾക്ക് പോർട്ടൽ മുഖേന സാധിക്കും.

പലപ്പോഴും ആശയവിനിമയത്തിന്റെ അഭാവം പ്രവർത്തനങ്ങളിൽ നിഴലിച്ചിരുന്നു. ഇതേ കാഴ്ചപ്പാട് എല്ലാ മലയാളികൾക്കിടയിലേക്കും എത്തിക്കുക, ലോക മലയാളിക്ക് ഒരു ഡിജിറ്റൽ ഇടം എന്ന നിലയ്ക്ക് 'ലോക കേരളം ഓൺലൈൻ' എന്നൊരു പ്ലാറ്റ്ഫോം ആരംഭിച്ചിട്ടുണ്ട്. പ്രവാസികൾക്ക് ആശയവിനിമയത്തിനും തൊഴിലവസരങ്ങൾ പങ്കുവയ്ക്കാനും വിവരങ്ങൾ കൈമാറാനുമുതകുന്ന ഒരു ഡിജിറ്റൽ കേരളം ഇത് വഴി ഉണ്ടാക്കാൻ സാധിക്കും. പ്ലാറ്റ്ഫോമിന്റെ പ്രവർത്തനം പടിപടിയായി ആരംഭിച്ച് പൂർണ്ണതോതിൽ എത്തുമ്പോൾ അകം കേരളവും പുറം കേരളവും തമ്മിലുള്ള അന്തരം നേർത്തുവരും. പ്രാഥമിക വിവരങ്ങൾ നല്കുക വഴി പ്രവാസികൾക്ക് തമ്മിൽ

ബന്ധപ്പെടാനും നവമാധ്യമ സ്വഭാവത്തിലുള്ള ഇടപെടലുകൾ നടത്താനും സാധിക്കുന്നു. ഇതുവഴി ലോക കേരള സഭ മുന്നോട്ടുവയ്ക്കുന്ന ലോക മലയാളിയുടെ ജനാധിപത്യവേദി എന്ന ആശയം കൂടുതൽ ജനകീയമാകും.

നാലാം ലോക കേരള സഭയിൽ പ്രവാസി സമൂഹത്തിന്റെ സംസ്കാരവും അസ്തിത്വവും നിലനിർത്തി മുന്നോട്ടുപോകുന്നതിനാവശ്യമായ ശിപാർശകൾ വിവിധ ചർച്ചകളിലായി പ്രവാസി പ്രതിനിധികൾ ഉന്നയിച്ചിരുന്നു. വിവിധ ചർച്ചകളിലായി പ്രവാസികൾ ഉന്നയിച്ച നിർദേശങ്ങളും ശിപാർശകളും ക്രോഡീകരിച്ചുവരുന്നു. ശിപാർശകൾ പരിശോധിക്കുന്നതിനും ക്രിയാത്മകമായ പ്രൊപ്പോസലുകൾ ലോക കേരള സഭാ സെക്രട്ടേറിയേറ്റിന് സമർപ്പിക്കുന്നതിനുമായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശയിന്മേൽ നിർദ്ദേശമുൾക്കൊണ്ടുകൊണ്ട് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) ലോക കേരള സഭയിലെ 8 വിഷയാടിസ്ഥിത ചർച്ചകളിൽ ഒന്ന് എമിഗ്രേഷൻ കരട് ബില്ലിനെ അധികരിച്ചായിരുന്നു. രാജ്യം തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള കരാറുകളിൽ ഏർപ്പെടേണ്ട ആവശ്യകതകൾ ചർച്ചചെയ്യുവന്നു.

സമീപകാലത്തായി ഇന്ത്യ ഒട്ടേറെ വിദേശ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പിടുന്നുണ്ട്. ഇന്ത്യ-യു.എ.ഇ. കരാർ ഇതിന് ഉദാഹരണമാണ്. സമഗ്ര സഹകരണത്തിനുള്ള കരാറുകളിൽ പലപ്പോഴും കുടിയേറ്റം വിഷയമാകാറില്ല. കുടിയേറ്റ തൊഴിലാളികളുടെ സംരക്ഷണം സംബന്ധിച്ച ഉപകരാറുകൾ ഉണ്ടാകുന്നില്ല. പ്രധാനപ്പെട്ട ആതിഥേയ രാജ്യങ്ങളുമായി കുടിയേറ്റ തൊഴിലാളി സംരക്ഷണ കരാറുകൾ ഒപ്പുവയ്ക്കേണ്ടതുണ്ട്. ഇക്കാര്യം യൂണിയൻ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(സി) കുടിയേറ്റവും പ്രവാസവും ലോകത്താകെ ശക്തമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സംസ്ഥാനത്തുനിന്നുള്ള കുടിയേറ്റവും വർദ്ധിച്ചുവരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി, സ്വദേശിവൽക്കരണം അടക്കമുള്ള പല തിരിച്ചടികളുമുണ്ടായിട്ടും കേരള മൈഗ്രേഷൻ സർവേ - 2023 റിപ്പോർട്ട് പ്രകാരം കുടിയേറ്റത്തിൽ ചെറിയതോതിലാണെങ്കിലുമുണ്ടായ വർദ്ധനവ് മലയാളി പ്രവാസത്തിന് ശുഭ പ്രതീക്ഷ നൽകുന്നു. ചെറിയ കാലത്തേയ്ക്കുള്ള തൊഴിൽ കുടിയേറ്റങ്ങളാണ് ഭാവി

കുടിയേറ്റം മുന്നോട്ടുവയ്ക്കുന്നത്. അത്തരം കുടിയേറ്റങ്ങൾ നടത്തുന്ന മലയാളി പ്രവാസികൾക്ക് സുരക്ഷിതവും നിയമപരവും ഗുണമേന്മയുള്ളതുമായ കുടിയേറ്റം ഉറപ്പുവരുത്താൻ അനുയോജ്യമായ സാഹചര്യമൊരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കുടിയേറ്റ തൊഴിലാളികളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ മുൻകയ്യെടുക്കേണ്ടതുണ്ട്. എമിഗ്രേഷൻ ഡ്രാഫ്റ്റ് ബിൽ കഴിഞ്ഞ 3 വർഷക്കാലമായി പാർലമെന്റിൽ അവതരിപ്പിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. ഭാവിയിലെ കുടിയേറ്റത്തിന്റെ സാധ്യതകൾ മനസ്സിലാക്കി ബില്ലിൽ സമൂലമായ മാറ്റം ആവശ്യമാണ്. തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിന് യൂണിയൻ ഗവൺമെന്റിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, രാജ്യത്ത് പ്രവാസികൾക്കായി ക്ഷേമപദ്ധതികൾ ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കിവരുന്ന സംസ്ഥാനമാണ് കേരളം. ഏറ്റവും കൂടുതൽ പ്രവാസികളുടെ പണം എത്തിച്ചേരുന്ന രാജ്യവും നമ്മുടെ ഇന്ത്യയാണ്. ലോകബാങ്കിന്റെ

കണക്കനുസരിച്ച് കഴിഞ്ഞ സാമ്പത്തികവർഷം പ്രവാസികൾ ഇന്ത്യയിലേക്ക് അയച്ചത് ഏകദേശം 10 ലക്ഷം കോടി രൂപയാണ്. എന്നാൽ ആ നിലയിലുള്ള ഒരു പരിഗണന പ്രവാസികൾക്ക് രാജ്യത്തിന്റെ ഗവൺമെന്റ് നൽകുന്നുണ്ടോയെന്നത് നമ്മൾ ഗൗരവത്തോടുകൂടി പരിശോധിക്കണം. ഗൾഫിലേക്കും ഗൾഫിൽനിന്നുമുള്ള യാത്രക്കാരുടെ എണ്ണം കൂടുന്നതനുസരിച്ച് വിമാന ടിക്കറ്റ് ചാർജ് വർദ്ധനയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരെടുക്കുന്ന ഒരു സമീപനമുണ്ട്. പ്രത്യേകിച്ച് ഫെസ്റ്റിവൽ സീസണുകളിൽ യാതൊരു മാനദണ്ഡവുമില്ലാതെ വിമാന ടിക്കറ്റ് ചാർജ് വർദ്ധിപ്പിക്കാൻ വിമാന കമ്പനികൾക്ക് അനുമതി നൽകുന്നത് സ്ഥിരം രീതിയാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദം ചെലുത്തി പ്രവാസികളിൽനിന്നും ന്യായമായ ടിക്കറ്റ് ചാർജ് ഈടാക്കുന്നതിനുള്ള ഇടപെടലുണ്ടാകുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. വിമാന ടിക്കറ്റ് ചാർജിന്റെ അന്യായമായ വർദ്ധനവ് മൂലം പ്രവാസികൾ കൊടിയ ചൂഷണമാണ് നേരിടുന്നത്. പ്രത്യേകിച്ച് സീസണലായുള്ള ടിക്കറ്റ് ചാർജിന്റെ അന്യായമായ വർദ്ധനവിനെ മാധ്യമങ്ങൾ

കൊള്ളയെന്ന് വിശേഷിപ്പിക്കുന്ന തരത്തിലുള്ള ചൂഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ വിഷയം സംസ്ഥാന സർക്കാരിന്റെ പരിധിയിൽവരുന്ന കാര്യമല്ലെന്ന് എല്ലാവർക്കുമറിയാം. എങ്കിലും ഇക്കാര്യം നിരന്തരമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും ഇത് റഗുലേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. നിർഭാഗ്യവശാൽ പ്രവാസികൾക്ക് ആശ്വാസം പകരുന്ന തരത്തിലുള്ള ഒരു പ്രതികരണവും വിമാന കമ്പനികളുടെ ചൂഷണത്തെ നിയന്ത്രിക്കുന്നതിനുള്ള ഇടപെടലുകളുമുണ്ടായിട്ടില്ല. കേരളത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട എം.പി.-മാർക്ക് ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്തമുണ്ട്. ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കുന്നതിനും പ്രവാസികൾക്കുവേണ്ടി ഇത്തരത്തിലുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനുമായി ഒറ്റക്കെട്ടായ ഇടപെടലുകൾ നടത്തുന്നതിനുള്ള ഉത്തരവാദിത്തം എം.പി.-മാർ വിനിയോഗിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ലോക കേരള സഭയിൽ ഇക്കാര്യങ്ങളുൾപ്പെടെ ചർച്ച ചെയ്തിരുന്നു. നമ്മുടെ എല്ലാ എം.പി.-മാരും ലോക കേരള സഭയിൽ

പങ്കെടുത്തിരുന്നുവെങ്കിൽ ഇതിന്റെ ഗൗരവവും ഈ പ്രശ്നം എത്രത്തോളം ആഴമുള്ളതാണെന്നും അവർക്ക് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു.

ശ്രീ. ആന്റണി ജോൺ: സർ, ഇന്ത്യയിൽ ആദ്യമായി പ്രവാസി സംരക്ഷണത്തിനായി വകുപ്പ് രൂപീകരിച്ച് നടപ്പിലാക്കിയത് ഇ.കെ. നായനാർ സർക്കാരിന്റെ കാലത്തായിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രവാസികാര്യ വകുപ്പിനെ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് നോർക്ക റൂട്ട്സ് വഴി നിരവധി നൂതന ക്ഷേമപദ്ധതികൾ നടപ്പിലാക്കാനും 2016 മുതൽ ഈ രണ്ട് ഗവൺമെന്റുകൾക്കും സാധിച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ലോക കേരള സഭ. എന്നാൽ ലോക കേരള സഭയെ ധൂർത്തെന്നും അനാവശ്യമെന്നും പറഞ്ഞുകൊണ്ട് അധിക്ഷേപിക്കുന്ന ആളുകൾക്കും അത്തരം പ്രവണതൾക്കുമെതിരെ ഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. എം. ബി. രാജേഷ്: സർ, ലോക കേരള സഭയുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും വിശദമായി

ആദ്യത്തെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്, അത് ആവർത്തിക്കുന്നില്ല. അകം കേരളവും പുറം കേരളവും തമ്മിലുള്ള അന്തരം കുറയ്ക്കുന്ന ലോകമലയാളിയെന്ന ഒരു സങ്കൽപം വളർത്തിയെടുക്കുന്നതിൽ ഏറ്റവും നിർണ്ണായകമായ ചുവടുവയ്പ്പാണ് ലോക കേരള സഭ നടത്തിയിട്ടുള്ളത്. വലിയ തോതിലുള്ള റെമിറ്റൻസാണ് കേരളത്തിലേക്ക് പ്രവാസികൾ അയയ്ക്കുന്നത്, അത് കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലുമാണ്. അത്തരത്തിൽ വലിയ സംഭാവനകൾ നൽകുന്ന പ്രവാസി മലയാളികളെ കേരളത്തോടൊപ്പം ചേർത്തിനിർത്തുന്ന, അവരുടെ അറിവുകളെയും അനുഭവങ്ങളെയും വൈദഗ്ധ്യത്തെയും സംഭാവനകളെയെല്ലാം കേരളത്തിന്റെ വികസനത്തിനും പുരോഗതിക്കുമായി ഉപയോഗിക്കുന്ന ഒരു വേദിയാണിത്. അതിനെതിരായി ഇത്തരം പ്രചരണങ്ങൾ ആദ്യഘട്ടത്തിൽ വളരെ ശക്തമായി നടന്നിരുന്നു. അത്തരത്തിലുള്ള പ്രചരണങ്ങൾക്ക് വിശ്വാസ്യതയില്ലാതായെന്നും ആ പ്രചരണങ്ങൾ നടത്തിയവർ പതുക്കെപ്പതുക്കെ ക്ഷീണിച്ച് അതിൽനിന്നും പിൻവാങ്ങുന്നതുമായ കാഴ്ചയാണ് ഇപ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. ലോക കേരള സഭയുടെ ചെലവുകൾ പ്രധാനമായും സ്പോൺസർഷിപ്പിലൂടെയും

മറ്റുമാണ് സമാഹരിക്കുന്നത്. അതുകൊണ്ടുതന്നെ ധൂർത്തെന്ന് ആരോപിച്ചവർക്ക് ഇപ്പോൾ അതിൽനിന്നും പിൻവാങ്ങേണ്ടിവന്നിരിക്കുന്നു എന്നുള്ളത് നല്ല കാര്യമാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, നാലാം ലോക കേരള സഭയിൽ കൂടുതൽ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. നൂറിലധികം രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് ഇത്തവണ എത്തിയത്. പ്രവാസികളിൽ മഹാഭൂരിപക്ഷവും സാധാരണക്കാരാണ്. ലോക കേരള സഭയിൽ സാധാരണക്കാരായ പ്രവാസി മലയാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സഭ പ്രത്യേക പരിഗണന നൽകുന്നുണ്ടോ; അതോടൊപ്പം പ്രവാസികളുടെ വിവരശേഖരണം നമ്മുടെ കൈവശമില്ലാത്തതിനാൽ അതിന്റെ ഡാറ്റാ ബേസ് തയ്യാറാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ലോക കേരള സഭയിൽ വലിയ തോതിൽ സാധാരണക്കാരായ പ്രവാസികളുടെ പ്രാതിനിധ്യമുണ്ടെന്നത് ഇപ്പോൾ എല്ലാവരും തിരിച്ചറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള

കാര്യമാണ്. ആദ്യത്തെയും രണ്ടാമത്തെയും ലോക കേരള സഭ നടന്ന സമയത്ത് നേരെ വിപരീതമായ ഒരു പ്രചരണമാണ് നടന്നിരുന്നത്. എന്നാൽ ഇപ്പോൾ ധൂർത്തെന്ന രീതിയിലുള്ള പ്രചരണം നടത്തിയവർ ക്ഷീണിച്ച് പിൻവാങ്ങിയതുപോലെതന്നെ ഇത് സാധാരണക്കാരുടേതല്ലെന്ന് പ്രചരണം നടത്തിയവർക്കും പിൻവാങ്ങേണ്ടിവന്നിരിക്കുകയാണ്. ഓരോ ലോക കേരള സഭയിലും ഡൊമസ്റ്റിക് വർക്കേഴ്സ്, ലേബർ ക്യാമ്പുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ എന്നിവരുടെയെല്ലാം പ്രതിനിധികൾ അംഗങ്ങളായി വരികയും അവരുടെ പൊള്ളുന്ന ജീവിതാനുഭവങ്ങൾ ലോക കേരള സഭയിലൂടെ കേരളവുമായും മലയാളികളുമായി പങ്കുവയ്ക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഡാറ്റാ ബേസുണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്, ഈ മേഖലയിലുള്ള പഠനങ്ങൾ ആഴത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. നേരത്തെ ‘ ലോക കേരളം ഓൺലൈൻ’ എന്ന പ്ലാറ്റ്ഫോമിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ലോക കേരള സഭയുടെ അനുഭവത്തിന്റെകൂടി അടിസ്ഥാനത്തിൽ പ്രവാസികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രവാസികളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുമുള്ള

വിവിധങ്ങളായ നടപടികളും പ്രവർത്തനങ്ങളുമാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പ്രവാസികളായ മലയാളികൾക്ക് ഏറെ ആത്മവിശ്വാസം നൽകുന്നതാണ് ലോക കേരള സഭയുടെ ഉള്ളടക്കം. ലോക കേരള സഭയിൽ ഗാർഹിക മേഖലയിൽ ജോലി ചെയ്യുന്നവരുൾപ്പെടെയുള്ളവർക്ക് പ്രാതിനിധ്യം ലഭിച്ചത് കേരളത്തിന് അഭിമാനകരമായ ഒരു നേട്ടമാണ്. ഗാർഹിക മേഖലയിൽ ജോലി ചെയ്യുന്ന പ്രവാസികൾ ധാരാളം ചൂഷണവും വെല്ലുവിളികളും നേരിടുന്നുണ്ട്. ഇത് കൈകാര്യം ചെയ്യാൻ കഴിയുന്നവിധത്തിൽ ഇന്ത്യൻ എംബസിയുടെ കീഴിൽ വനിതാ സെൽ രൂപീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കേന്ദ്ര സർക്കാരിന്മേൽ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇത്തരം കാര്യങ്ങളെല്ലാം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതും ഇടപെട്ടുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങളാണ്. ഇക്കാര്യത്തിൽ

കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാര്യമായിട്ടുള്ള നടപടികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. നേരത്തേ സൂചിപ്പിച്ചതുപോലെ നമ്മുടെ എം.പി.-മാരും ഈ വിഷയങ്ങൾ ഏറ്റെടുത്ത് ഗൗരവത്തോടെ ഉന്നയിക്കേണ്ടതുണ്ട്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ലോക കേരള സഭയിൽ കേരളത്തിലെ എല്ലാ എം.എൽ.എ.-മാർക്കും പ്രവാസി പ്രതിനിധികളുമായി ചർച്ച നടത്താനും ആശയങ്ങൾ പങ്കുവയ്ക്കാനുമുള്ള അവസരമുണ്ടായിട്ടും പ്രതിപക്ഷാംഗങ്ങൾ അത് ബഹിഷ്കരിച്ചത് പ്രവാസി സമൂഹത്തോട് തന്നെയുള്ള അവഹേളനമായി കണക്കാക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ലോക കേരള സഭയുടെ ആദ്യഘട്ടത്തിലുണ്ടായിരുന്ന ബഹിഷ്കരണത്തിന്റെ തീവ്രത ക്രമേണ കുറഞ്ഞുവരുന്നതായിട്ടാണ് കാണാൻ സാധിച്ചത്. പ്രതിപക്ഷവുമായി ബന്ധപ്പെട്ട പ്രവാസി സംഘടനകളുടെ പ്രതിനിധികളെല്ലാം വളരെ ആവേശത്തോടെയും ഉത്സാഹത്തോടെയും താൽപര്യത്തോടെയും ലോക കേരള സഭയിൽ പങ്കെടുത്തു എന്നതാണ് ഇത്തവണത്തെ പ്രത്യേകത. കഴിഞ്ഞ തവണയും അങ്ങനെ തന്നെയായിരുന്നു. സഭാധ്യക്ഷനായ അങ്ങേയ്ക്കും അക്കാര്യം അറിയാമല്ലോ.

അതിന്റെ ചർച്ചകളിലും ആലോചനകളിലുമെല്ലാം വളരെ സജീവമായിട്ടാണ് അവർ പങ്കെടുത്തിട്ടുള്ളത്. അത് സൂചിപ്പിക്കുന്നത് ബഹിഷ്കരണ ആഹ്വാനം പ്രവാസികൾ ഉൾക്കൊള്ളുന്നില്ല എന്നതാണ്. അത്രയും മാറ്റമുണ്ടായിട്ടുണ്ട്. ഈ മാറ്റം ഇനിയും മുന്നോട്ടുപോകുമെന്നും അടുത്ത ലോക കേരള സഭ നടക്കുമ്പോൾ പ്രതിപക്ഷ അംഗങ്ങൾക്കൂടി അതിൽ പങ്കാളികളാകും എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വിമാന ടിക്കറ്റിനെക്കുറിച്ചുള്ള ചോദ്യം ഇവിടെ ഉന്നയിച്ചിരുന്നു. വിമാനത്താവളങ്ങളിൽവച്ച് ഗൾഫിലേയ്ക്ക് പോകുന്ന പ്രവാസികളുടെ ലഗ്ഗേജിൽനിന്ന് നിരന്തരമായി മോഷണം നടക്കുന്നുണ്ട്. ഒരു മാസം മുമ്പ് ഉംറയ്ക്ക് പോയ ബദറുദ്ദീൻ എന്ന വ്യക്തിയുടെ ഏഴ് ലക്ഷം രൂപയാണ് മംഗലാപുരം വിമാനത്താവളത്തിൽ മോഷ്ടിക്കപ്പെട്ടത്. ഞാൻ അവിടുത്തെ പോലീസ് കമ്മീഷണറോട് സംസാരിച്ച് എഫ്.ഐ.ആർ. തയ്യാറാക്കാൻ പറഞ്ഞിട്ടുണ്ട്. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. ഏറ്റവും സുരക്ഷിതമായ വിമാനത്താവളങ്ങളിൽ പ്രവാസികളുടെ പണവും വിലപ്പെട്ട സാധനങ്ങളും നിരന്തരമായി

മോഷ്ടിക്കപ്പെടുന്നുണ്ടെന്നാണ് ഞാൻ അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്. നമ്മുടെ സംസ്ഥാനത്തെ പ്രവാസികളുടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള എന്തെങ്കിലും ഇടപെടലുകൾ നടത്താൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. എന്നാൽ, വിമാനത്താവളങ്ങളുടെ നിയന്ത്രണവും സുരക്ഷയും സംസ്ഥാന സർക്കാരിന്റെ കീഴിൽവരുന്ന വിഷയങ്ങളല്ല. അത് കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽവരുന്ന വിഷയങ്ങളാണ്. കൂടാതെ, മംഗലാപുരം കേരളത്തിലല്ല, കർണ്ണാടകയിലാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, നാലാം ലോക കേരള സഭാ സമ്മേളനത്തിലേയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ ലേഖനത്തിൽ 2018-ലെ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം 21,21,887 പ്രവാസികളുണ്ടെന്ന് സ്പീക്കർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവരിൽ ഭൂരിഭാഗവും ജീവിതത്തിന്റെ രണ്ടറ്റവും ചേർത്തുപിടിക്കാൻ കഠിനാധ്വാനം ചെയ്യുന്നവരാണ്. അവരുടെ നിക്ഷേപം സ്വീകരിക്കുന്ന നയം മാറ്റിനിർത്തി വിദേശത്തുനിന്ന് തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി, മൂന്ന് ലോക കേരള സഭാ

സമ്മേളനങ്ങളുടെ തീരുമാനപ്രകാരം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എത്ര പ്രവാസികൾക്ക് സഹായം നൽകിയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇന്ന് ഇന്ത്യയിൽ പ്രവാസി ക്ഷേമനിധിയും പ്രവാസി പെൻഷനും ഏർപ്പെടുത്തിയിട്ടുള്ള ഏക സംസ്ഥാനം കേരളമാണ്. മറ്റൊരു സംസ്ഥാനവും പ്രവാസികൾക്കുവേണ്ടി സമാനമായിട്ടുള്ള ഒരു ക്ഷേമ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. കേന്ദ്രസർക്കാരാണ് ഇക്കാര്യത്തിൽ മുൻകയ്യെടുക്കേണ്ടത്. എന്നാൽ, ഒരു നടപടിയും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ നേതാവ് വിദേശകാര്യ സഹമന്ത്രി സ്ഥാനവും പ്രവാസികാര്യ വകുപ്പിന്റെ ചുമതലതയും വഹിച്ചിട്ടുള്ള ഒരു കാലമുണ്ടായിരുന്നു. അന്ന് ഞങ്ങളെല്ലാം പാർലമെന്റിലുള്ളതാണ്. കേന്ദ്രസർക്കാർ പ്രവാസി ക്ഷേമത്തിനുള്ള പദ്ധതി ആവിഷ്കരിക്കണമെന്ന് അന്ന് മുതൽ ആവശ്യപ്പെടുന്നതാണ്. എന്നാൽ, അങ്ങനെയൊരു നടപടി മാറിമാറിവന്ന കേന്ദ്രസർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. പക്ഷേ, കേരളം മറ്റ് ഒരുപാട് കാര്യങ്ങളിൽ ബദൽ മാതൃക സൃഷ്ടിച്ചതുപോലെ ഇതിലും ഒരു മാതൃക സൃഷ്ടിച്ചിരിക്കുയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, പഠനത്തിനായും പഠനവും തൊഴിലും ചേർത്തുള്ള ജീവിതാന്വേഷണത്തിനായും ലോകത്തിന്റെ പല ഭാഗത്തേയ്ക്കും യാത്ര ചെയ്യുന്ന നമ്മുടെ വിദ്യാർത്ഥികളെ പ്രവാസി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തി അവരുടെ പഠന അംഗീകാരവും ജീവിത സുരക്ഷിതത്വവും ഉറപ്പുവരുത്താനും വിവരശേഖരണം നടത്താനും നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വളരെ പ്രസക്തമായ ഒരു നിർദേശമാണ് അദ്ദേഹം മുന്നോട്ടുവച്ചിട്ടുള്ളത്. അക്കാര്യങ്ങൾ പരിശോധിച്ച് സാധ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, വിദേശത്ത് തൊഴിൽ തേടുന്നവരുടെയും കുടിയേറ്റ വിദ്യാർത്ഥികളുടെയും എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് വർധിച്ചുവരുന്ന സാഹചര്യത്തിൽ അവർക്കുവേണ്ട സമഗ്രമായ പരിശീലനം, അഭിമുഖം, ഭാഷാപരിശീലനം ഉൾപ്പെടെയുള്ളവ ഉറപ്പുവരുത്തുന്നതിന് നിലവിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; വലിയതോതിൽ പ്രവാസികളുള്ള കാസർഗോഡ് ജില്ലയിൽ പരിശീലനത്തിനായി ഒരു കേന്ദ്രം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വിദേശത്ത് തൊഴിൽ തേടുന്നവർക്ക് പൊതുവിൽ സ്കിൽ ട്രെയിനിംഗിനുള്ള വിപുലമായ സംവിധാനങ്ങൾ കേരളത്തിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അസാപിന്റെ നേതൃത്വത്തിൽ നടത്തുന്ന അത്തരം പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പ്രത്യേക ചോദ്യമായി ഉന്നയിച്ചാൽ നൽകാവുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പ്രവാസികൾക്ക് ദുരിതവേളയിലും അടിയന്തരഘട്ടങ്ങളിലും സഹായം നൽകാനായി വിദേശരാജ്യങ്ങളുടെ എംബസിയുടെ കീഴിൽ രൂപീകരിച്ച നിധിയാണ് ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട്. പ്രവാസികളിൽനിന്ന് പിരിച്ചെടുത്ത ഈ ഫണ്ടിൽ 474 കോടി രൂപ നീക്കിയിരിപ്പുണ്ടെന്ന് പാർലമെന്റിൽ ഒരു ചോദ്യത്തിന് ഉത്തരമായി വിദേശകാര്യ സഹമന്ത്രി പറയുകയുണ്ടായി. ലോകം മരവിച്ച കോവിഡ് മഹാമാരിക്കാലത്തും പ്രവാസികളുടെ സ്വന്തം പണം കൊണ്ടുണ്ടാക്കിയ ഫണ്ടിന്റെ പത്ത് ശതമാനം പോലും ചെലവാക്കുന്നില്ലെന്ന് കാണാൻ കഴിയും. ഇക്കാര്യങ്ങളിൽ കേന്ദ്രസർക്കാരാണ് സമീപനമെടുക്കുന്നത്

എങ്കിൽപ്പോലും സർക്കാരിന് എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേന്ദ്രസർക്കാരാണ് ഈ തുക സമാഹരിച്ച് സൂക്ഷിച്ചിട്ടുള്ളത്. കേന്ദ്രസർക്കാരാണ് അത് പ്രവാസികളുടെ ക്ഷേമത്തിനായി വിനിയോഗിക്കേണ്ടത്. സംസ്ഥാന സർക്കാർ ഇക്കാര്യങ്ങളെല്ലാം നിരന്തരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. കേരളത്തിൽനിന്നുള്ള എം.പി.-മാരുടെ ശ്രദ്ധ പതിയേണ്ടതും ഇടപെടേണ്ടതുമായ ഒരു വിഷയമാണിതെന്ന് കൂടി ഞാൻ ആവർത്തിക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഏകദേശം 40 വർഷത്തിലധികം കുവൈറ്റിൽ ജോലി ചെയ്തിട്ടുള്ള കുട്ടനാട്ടുകാരനായ ഒരു പ്രവാസിയാണ് ഞാൻ. പല സംഭവങ്ങളും ഉണ്ടാകുമ്പോൾ പെട്ടെന്ന് ഉണ്ടാകുന്ന ചൂടിനും ബഹളത്തിനും ശേഷം അത് തണുത്തുപോകുകയാണ് പതിവ്. കുവൈറ്റിലുണ്ടായ അപകടത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കുവൈറ്റിലുണ്ടായ അപകടം നമുക്കെല്ലാം അഗാധമായ വേദനയും ദുഃഖവുമാണ് സൃഷ്ടിച്ചത്. അക്കാര്യത്തിൽ വളരെ പെട്ടെന്നുള്ള ഇടപെടലാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. അപകടവാർത്ത വന്നയുടൻ പ്രത്യേകമായ ഒരു മന്ത്രിസഭായോഗം വിളിച്ചുചേർക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായി. മന്ത്രിസഭായോഗം കഴിഞ്ഞതിന്റെ തൊട്ടടുത്ത ദിവസം രാവിലെയാണ് അടിയന്തര മന്ത്രിസഭായോഗം ചേർന്നത്. അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സ തുടങ്ങിയ കാര്യങ്ങൾ ഏകോപിപ്പിക്കാനായി ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിനെ അടിയന്തരമായി കുവൈറ്റിലേയ്ക്ക് അയയ്ക്കാൻ ആ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തു. അടിയന്തരമായ ഇടപെടലിലൂടെ മൃതദേഹങ്ങൾ എത്രയും പെട്ടെന്ന് നാട്ടിലെത്തിക്കാനുള്ള നടപടിയും സ്വീകരിച്ചു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപയും പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകാൻ അടിയന്തര മന്ത്രിസഭായോഗത്തിലാണ് തീരുമാനിച്ചത്. സാധ്യമായത്ര വേഗത്തിൽ മൃതശരീരങ്ങൾ കൊച്ചിയിലെത്തിക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷ നേതാവും മറ്റ് ജനപ്രതിനിധികളുമെല്ലാം വിമാനത്താവളത്തിൽ ഉണ്ടായിരുന്നു. അർഹിക്കുന്ന എല്ലാ ആദരവോടും കൂടിയാണ് മൃതശരീരങ്ങൾ അവരവരുടെ വീടുകളിൽ എത്തിച്ചത്. വളരെ ചടുലമായിട്ടുള്ള ഇടപെടലാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ കുവൈറ്റിലേയ്ക്ക് പോകാൻ കേന്ദ്രസർക്കാർ അനുവദിക്കാത്തത് വളരെ ഖേദകരമായ ഒരു അനുഭവമായിരുന്നു. യാത്രയ്ക്ക് പൊളിറ്റിക്കൽ ക്ലിയറൻസ് നിഷേധിച്ചത് ഞങ്ങളെയെല്ലാം ഞെട്ടിച്ച ഒരു സമീപനമായിരുന്നു. ഇത് കേന്ദ്രസർക്കാരിന്റെ പ്രതികാര മനോഭാവത്തിന്റെ തുടർച്ചയായിട്ടാണ് പൊതുവിൽ കേരള സമൂഹം കണ്ടത്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, കുവൈറ്റിൽ മരണപ്പെട്ടവരുടെ കുടംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപാ വീതം കൊടുക്കാൻ സർക്കാർ എടുത്ത തീരുമാനം വളരെ നല്ലതാണ്. ഇന്നലെ കൊല്ലത്തുള്ള ഒരു കുടുംബവുമായി ഞാൻ സംസാരിച്ചപ്പോൾ അവർക്ക് നഷ്ടപരിഹാരത്തുക ലഭിച്ചിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. അത് എന്നത്തേയ്ക്ക് ലഭിക്കുമെന്ന് അറിയിക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് യാതൊരു ആശങ്കയും ഉണ്ടാകേണ്ടതില്ല. സർക്കാർ അടിയന്തരമായിട്ടാണ് അത് പ്രഖ്യാപിച്ചത്. നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം നഷ്ടപരിഹാരത്തുക കൊടുക്കുന്നതാണ്.

**യുവജന സംഘടനാ നേതാവിന്റെ പേരിൽ വ്യാജ പോസ്റ്റർ**

2 (*302) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണകക്ഷി മുൻ എം.എൽ.എ. ഉൾപ്പെടെയുള്ളവർ പ്രതിപക്ഷ യുവജന സംഘടനാ നേതാവിന്റെ പേരിൽ സാമൂഹ്യ മാധ്യമംവഴി വ്യാജ പോസ്റ്റർ പ്രചരിപ്പിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോ; അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ?

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം തദ്ദേശസ്വയംഭരണ- എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ&ബി) ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യംവച്ച് നവമാധ്യമങ്ങളിൽ മത-വർഗ്ഗീയത പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ചുമതലക്കാരൻ ശ്രീ. സി. ഭാസ്കരൻ മാസ്റ്ററുടെ ഒരു പരാതിയും, നാട്ടിൽ മതസ്പർദ്ധയും കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്നതുമായ രീതിയിൽ സമൂഹമാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയുടെ ഒരു പരാതിയും പോലീസിന് ലഭിച്ചിരുന്നു. രണ്ട് പരാതികളിലും പോലീസ് വിശദവും ശാസ്ത്രീയവും സമയബന്ധിതവുമായ നടപടിയാണ് സ്വീകരിച്ചത്. കണ്ടന്റ് നീക്കം ചെയ്യുന്നതിന് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം പ്രൊഫൈൽ വിവരങ്ങളും തേടിയിട്ടുണ്ട്. അക്കൗണ്ടിന്റെ പ്രൊഫൈൽ വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് അന്വേഷണം പൂർത്തിയാക്കി തുടർനടപടി

സ്വീകരിക്കുന്നതാണ്. ഇത്തരം പരാതികളെല്ലാം വളരെ ഗൗരവത്തോടെയാണ് സർക്കാർ പരിഗണിച്ചുവരുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, IPC 153 A, Promoting enmity between different groups on grounds of religion, race, place of birth, residence, language, etc., ഏറ്റവും ഗുരുതരമായ കുറ്റകൃത്യമാണ്. ഒരു തിരഞ്ഞെടുപ്പ് ജയിക്കുന്നതിനുവേണ്ടി സാമൂഹ്യ മാധ്യമങ്ങളിൽ ഇത്രയേറെ വിഷലിപ്തമായ വർഗ്ഗീയതയാണ് പരത്തിയിട്ടുള്ളത്. ഞങ്ങളുടെ ചോദ്യം വളരെ ക്ലിയറാണ്. 'അരി എത്രയെന്ന് ചോദിക്കുമ്പോൾ പയർ അഞ്ഞാഴി' എന്ന് മറുപടി പറഞ്ഞിട്ട് കാര്യമില്ല. പ്രസ്തുത കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നമ്പറും ആ കേസിലെ പ്രതികൾ ആരൊക്കെയാണെന്നുള്ളതും വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതിന് കൃത്യമായിട്ടുള്ള ഉത്തരമാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പരാതി അന്വേഷണ ഘട്ടത്തിലാണ്. അന്വേഷണം മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ പ്രൊഫൈൽ വിവരങ്ങൾ ഫെയ്സ്ബുക്കിൽനിന്ന് ലഭിക്കേണ്ടതുണ്ട്. പോലീസ് അതിനുള്ള വിവരങ്ങൾ

ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ലഭിക്കുന്നമുറയ്ക്ക് അന്വേഷണത്തിന്റെ അടുത്തഘട്ടത്തിലേയ്ക്ക് കടക്കും.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു മുൻ എം.എൽ.എ.-യായ സി.പി.ഐ.(എം) നേതാവ് നാൽപ്പതിലേറെ ദിവസം പ്രൊഫൈൽ പിക്ചറായിട്ടതിൽനിന്നാണ് പതിനായിരക്കണക്കിന് ഷെയറിംഗ് പോയത്. അത് രാജ്യത്തുള്ള മുഴുവൻ ജനങ്ങൾക്കും മനസ്സിലായിട്ടുണ്ട്. പോലീസിന് ഇതുവരെ അവരാണ് അത് പ്രചരിപ്പിച്ചതെന്ന് മനസ്സിലായിട്ടില്ല. എഫ്.ഐ.ആർ.-ഉം പ്രതിയുമുണ്ടോയെന്ന് ചോദിച്ചതിന് ഇപ്പോഴും മറുപടിയില്ല. എഫ്.ഐ.ആർ. നമ്പറുണ്ടോ; പ്രൊഫൈൽ പിക്ചറിട്ട് ദിവസങ്ങളോളം ഇത് പ്രചരിപ്പിച്ച മുൻ എം.എൽ.എ.-യെ പ്രതിയാക്കിയിട്ടുണ്ടോ? ഈ ചോദ്യത്തിനുള്ള ഉത്തരം ഉണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ലെന്ന് പറഞ്ഞാൽമതി.

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം ഒരു അഭിഭാഷകനാണെന്നാണ് നമ്മളെല്ലാം മനസ്സിലാക്കിയിട്ടുള്ളത്. ഇത്തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങളിൽ തുടർന്ന് നടപടി

സ്വീകരിക്കണമെങ്കിൽ പ്രൊഫൈൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട് എന്നത് അഭിഭാഷകനായ ഒരംഗത്തിന് അറിയാവുന്ന കാര്യമാണ്.

മി.സ്പീക്കർ: അത് ignore ചെയ്യൂ, come to the point.

ശ്രീ. എം. ബി. രാജേഷ്: സർ, അത് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനെ അങ്ങേയറ്റത്തെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്ന് ഞാൻ ഈ മറുപടിയുടെ ആദ്യഘട്ടത്തിൽത്തന്നെ പറഞ്ഞിരുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 'അമ്പാടിമുക്ക് സഖാക്കൾ' എന്ന ഫെയ്സ്ബുക്ക് പേജുകളിലാണ് വ്യാജ പോസ്റ്റർ ആദ്യം പ്രത്യക്ഷപ്പെട്ടത്. അത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്.

മി.സ്പീക്കർ: യെസ്... യെസ്... ചോദ്യത്തിലേയ്ക്ക് വരൂ...

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഈ ഫെയ്സ്ബുക്ക് പേജിന്റെ അഡ്മിന്മാരെ കണ്ടെത്തിയിട്ടുണ്ടോ; അവരെ കണ്ടെത്താനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, അതിനുള്ള മറുപടിയാണ് ഞാൻ പറഞ്ഞുകഴിഞ്ഞത്.

ശ്രീ. ടി. ജെ. വിനോദ്: സർ, സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കാൻ സോഷ്യൽ മീഡിയവഴി നിരവധി സംഭവങ്ങളാണ് ലോക്സഭാ തിരഞ്ഞെടുപ്പ് സമയത്തുണ്ടായത്. കാസർഗോഡ് എം.പി. ശ്രീ. രാജ്മോഹൻ ഉണ്ണിത്താനെതിരെ വർഗ്ഗീയ ക്യാമ്പയിൻ നടത്തുന്നുയെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിന് രാഷ്ട്രീയ നേതൃത്വം കുടപിടിക്കുന്നത് ഗൗരവതരമായ വിഷയമാണ്. ഇത് പരിധിവിട്ടാൽ, സമൂഹത്തിൽ വർഗ്ഗീയ കലാപത്തിനുവരെ സാധ്യതയുണ്ടാക്കുന്ന ഇത്തരം വ്യാജ പ്രചരണങ്ങൾ തടയാനും അതിന് നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതിനെക്കുറിച്ച് ആവർത്തിച്ച് വ്യക്തമാക്കിക്കഴിഞ്ഞു. ഇത്തരം വ്യാജപ്രചരണങ്ങൾ വർഗ്ഗീയ ചേരിതിരിവുണ്ടാക്കാൻ സാമൂഹ്യ മാധ്യമങ്ങളെ ദുരുപയോഗിക്കുന്നത് വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, വ്യാപകമായിട്ടുള്ള നിലയിൽ ഈ

ദുരുപയോഗമുണ്ടായിട്ടുണ്ട്. ഇവിടെ ലഭ്യമായ വിവരം അനുസരിച്ച്, ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരായി ഇത്തരം വ്യാജ പ്രചരണം നടത്തിയതിന് 17 കേസുകൾ വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതെല്ലാം അന്വേഷണഘട്ടത്തിലാണ്. അതിൽ  വടകര പാർലമെന്റ് അതിർത്തിയിൽ മാത്രമല്ല, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ കൊല്ലം സിറ്റി, ചാവക്കാട് പോലീസ് സ്റ്റേഷൻ, മട്ടന്നൂർ പോലീസ് സ്റ്റേഷൻ, വടകര, പേരാമ്പ്ര, തൊട്ടിൽപ്പാലം, ബാലുശ്ശേരി, കോഴിക്കോട് റൂറൽ, സൈബർ ക്രൈം മേലാറ്റൂർ, കതിരൂർ, ന്യൂമാഹി, ആലക്കോട് എന്നീ പോലീസ് സ്റ്റേഷനുകളിലായി ആകെ 17 കേസുകളുണ്ട്. അതിനുപുറമെ, രാജ്യസഭാ എം.പി. ശ്രീ. എ. എ. റഹീമിനെതിരായിട്ടുള്ള വ്യാജ പ്രചരണത്തിനും കേസ്സെടുത്തിട്ടുണ്ട്.  ആലപ്പുഴയിൽനിന്നുണ്ടായിരുന്ന ലോക്സഭാ അംഗം ശ്രീ. എ. എം ആരിഫിനെതിരെ തിരഞ്ഞെടുപ്പ് ഘട്ടത്തിൽ നടന്ന വ്യാജ പ്രചരണത്തിന്റെ കേസിന്റെ വിവരങ്ങൾ ഇപ്പോൾ ലഭ്യമാണ്.  ഏഷ്യാനെറ്റ് ഓൺലൈൻ ന്യൂസ് എഡിറ്ററുടെ പരാതിയിൽ വടകരയുൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് വിഷയങ്ങളുമായി ബന്ധപ്പെട്ട് ഏഷ്യാനെറ്റിന്റെ ഡിജിറ്റൽ

ലോഗോ വ്യാജമായി നിർമ്മിച്ച് വിവിധ രാഷ്ട്രീയ നേതാക്കളുടെ ചിത്രങ്ങൾക്കൊപ്പം അവരുടേതെന്ന് തോന്നിപ്പിക്കുന്ന, പൊതുസമൂഹത്തിൽ തെറ്റിദ്ധാരണയുണ്ടാക്കുന്ന വ്യാജമായിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രചരിപ്പിച്ചത് സംബന്ധിച്ച് തിരുവനന്തപുരം സിറ്റി സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കേസുണ്ട്. ഇത്തരം കേസിന്റെ വിവരങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്.

ശ്രീ. സി. ആർ. മഹേഷ്: സർ, മുഖ്യമന്ത്രിക്കെതിരായി ഇത്തരത്തിലുള്ള പരാമർശങ്ങളും പോസ്റ്റുകളുമുണ്ടായപ്പോൾ നിരവധി സർക്കാർ ഉദ്യോഗസ്ഥരെയും ആളുകളെയും പ്രതിയാക്കിക്കൊണ്ട് കേസ്സെടുത്തിട്ടുണ്ട്. ഇതിനെ സാധാരണ സൈബർ കുറ്റകൃത്യമായി മാത്രം കാണാൻ പാടില്ല. നാട്ടിൽ വലിയ വർഗ്ഗീയ ചേരിതിരുവും കലാപവുമുണ്ടായതിനുശേഷം നടപടിയെടുത്തിട്ട് കാര്യമില്ല. വളരെ നിസ്സാരമായി സർക്കാർ ഈ വിഷയത്തെ കാണുന്നുയെന്ന് പൊതുജനം സംശയിക്കുകയാണ്. ഈ കേസിൽ ഇപ്പോഴും എഫ്.ഐ.ആർ. എടുത്തിട്ടില്ല. ഇത് മന:പൂർവ്വം ആരെയോ രക്ഷിക്കാനാണെന്ന് സംശയിക്കുകയാണ്. ഇതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, എഫ്.ഐ.ആർ. എടുത്തിട്ടുണ്ടോയെന്നുള്ള ചോദ്യം സംബന്ധിച്ച് പറയാൻ വിട്ടുപോയതാണ്. എഫ്.ഐ.ആർ. എടുത്തിട്ടുണ്ട്, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് തെറ്റായിട്ടുള്ള കാര്യമാണ്. വടകര പോലീസ് സ്റ്റേഷൻ ക്രൈം നം.410/2024, ഭാസ്കരൻ മാസ്റ്റർ പരാതിയിൽ എഫ്.ഐ.ആർ.-എടുത്തിട്ടുണ്ട്. വടകര പോലീസ് സ്റ്റേഷൻ ക്രൈ നം. 411/2024, ഐ.യു.എം.എൽ.-(ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്)-ന്റെ പരാതിയിൽ എഫ്.ഐ.ആർ. എടുത്തിട്ടുണ്ട്. അതുകൊണ്ട് എഫ്.ഐ.ആർ. ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന് വ്യക്തമായിരിക്കുമെന്ന് കരുതുന്നു. ഇതിനെ സർക്കാർ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. അതുകൊണ്ടാണ് ഉടൻതന്നെ ഫെയ്സ്ബുക്ക് പേജുമായി ബന്ധപ്പെട്ട കണ്ടന്റ് നീക്കംചെയ്യാനുള്ള നോട്ടീസ് നൽകിയത്. സാധാരണഗതിയിൽ കണ്ടന്റ് റിമൂവൽ നോട്ടീസുകൾക്ക് 36 മണിക്കൂറിലും പ്രൊഫൈൽ വിവരശേഖരണ നോട്ടീസിന് 72 മണിക്കൂറിലും നടപടി സ്വീകരിക്കണമെന്നാണ് നിയമം. എന്നാൽ നിയമ നടപടികളൊന്നും ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സ് ആപ്പ് പോലുള്ള പ്ലാറ്റ്ഫോമുകൾ

പാലിക്കാറില്ല എന്നതാണ് വസ്തുത. ഫെയ്സ്ബുക്ക് തുടങ്ങിയ സാമൂഹ്യ മാധ്യമ പ്ലാറ്റ്ഫോമുകൾക്ക് അവരുടെ എൻഫോഴ്സ്മെന്റ് പോർട്ടൽ വഴിയാണ് അന്വേഷണ ഏജൻസികൾ നോട്ടീസ് നൽകുന്നത്. കണ്ടന്റ് റിമൂവലിന് ഐ.ടി. ആക്ട് സെക്ഷൻ 79 (3)(ബി) പ്രകാരവും പ്രൊഫൈൽ വിവരങ്ങൾക്ക് 91 സി.ആർ.പി.സി. പ്രകാരവുമാണ് പോലീസ് നോട്ടീസ് നൽകിയിട്ടുള്ളത്. പോലീസിന്റെ നേതൃത്വത്തിൽ ഈ വ്യാജപ്രചരണത്തെ നേരിടാൻ കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ആ പ്രദേശത്ത് സമാധാനഭംഗമുണ്ടാക്കാതിരിക്കാൻ അടിയന്തര ഇടപെടൽ നടത്താനും സമാധാന യോഗം വിളിച്ചുചേർക്കാനും ശക്തവും സത്വരവുമായിട്ടുള്ള നടപടികളാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. അതുകൊണ്ട് തന്നെയാണ് ഈ പ്രചരണങ്ങളെല്ലാം നടത്തിയിട്ടും അവിടെ സമാധാന അന്തരീക്ഷത്തിന് ഒരു കോട്ടവുമുണ്ടാകാതെ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞത്. അത് കേരളാ പോലീസിന്റെയും സർക്കാരിന്റെയും മികവാണ്.

ശ്രീ. വി. ജോയി: സർ, അങ്ങ് പറഞ്ഞത് സോഷ്യൽ മീഡിയ ദുരുപയോഗം ചെയ്യുന്നതുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ്.

യഥാർത്ഥത്തിൽ ഇവിടെ ദുരുപയോഗം ചെയ്ത ഒരുപാട് കാര്യങ്ങളുണ്ട്. ഇലക്ഷൻ കമ്മീഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ് വ്യാജമായി നിർമ്മിച്ച്, സംഘടനാ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ കേരളത്തിലെ ഒരു പ്രധാനപ്പെട്ട യുവജന സംഘടന ശ്രമിച്ചത് ഈ രാജ്യത്തെ മുഴവൻ ആളുകളും..... (...ബഹളം...)....... ചോദ്യം ചോദിക്കുമ്പോൾ നിങ്ങൾക്ക് കൊള്ളുന്നതെന്താണ്? ഒരു യുവജനസംഘടന ഇത്തരം ഒരു പ്രവൃത്തി ചെയ്തതുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം സൈബർ കുറ്റകൃത്യത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. അതുസംബന്ധിച്ച് ഇലക്ഷൻ കമ്മീഷന്റെ മുമ്പാകെ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആ പരാതി നിലവിൽ ക്രൈംബ്രാഞ്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. യൂത്ത് കോൺഗ്രസിന്റെ സംഘടനാ തെരഞ്ഞെടുപ്പിൽ ഇലക്ഷൻ കമ്മീഷന്റെ വ്യാജ

തിരിച്ചറിയൽ കാർഡുണ്ടാക്കി ഉപയോഗിച്ചുവെന്ന് കാണിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ....(ബഹളം...).........

മി. സ്പീക്കർ: മറുപടി പൂർത്തിയാക്കൂ..പ്ലീസ്..

ശ്രീ. എം. ബി. രാജേഷ്: സർ, ക്രൈം നമ്പർ 1490/2023 u/s 468, 465, 471 IPC, 66C IT Act, എന്ന കേസ് രജിസ്റ്റർ ചെയ്യുകയും തിരിച്ചറിയൽ കാർഡ് വ്യാജമായി നിർമ്മിച്ച....(ബഹളം...)

മി. സ്പീക്കർ: അങ്ങ് സമയം കളയാതെ സംസാരിക്കൂ.....പ്ലീസ് എല്ലാ അംഗങ്ങളും സീറ്റുകളിൽ ഇരിക്കണം. പ്ലീസ്.... ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം.....പ്ലീസ്...മന്ത്രി മറുപടി പൂർത്തിയാക്കൂ....(ബഹളം...)

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നിങ്ങൾ മന്ത്രിയുടെ മറുപടി കേൾക്കണം, എന്തിനാണ് നിങ്ങൾ മറുപടിയെ ഭയക്കുന്നത്?

മി. സ്പീക്കർ: മന്ത്രിമാരുൾപ്പെടെ എല്ലാ അംഗങ്ങളും സീറ്റുകളിൽ ഇരിക്കണം...പ്ലീസ്....

ശ്രീ. എം. ബി. രാജേഷ്: സർ, ഈ ചോദ്യവുമായി ബന്ധപ്പെട്ട് ഒരു ആരോപണവും ഉന്നയിക്കുന്നില്ല. വസ്തുത അതുപോലെ പറയുക മാത്രമാണ് ചെയ്യുന്നത്...(ബഹളം...) ഞാൻ ചെയറിനെയാണ് അഡ്രസ് ചെയ്യുന്നത്. ഒരംഗം ചോദിച്ച ചോദ്യത്തിന്റെ മറുപടി പറയാനുള്ള സംരക്ഷണം ചെയർ നൽകണം. നേരത്തെ പ്രതിപക്ഷ നിരയിൽനിന്നും ചോദിച്ച ചോദ്യങ്ങൾക്കെല്ലാം ക്ഷമയോടെയാണ് മറുപടി പറഞ്ഞത്. യൂത്ത് കോൺഗ്രസ്സിന്റെ സംഘടനാ തെരഞ്ഞെടുപ്പിൽ ഇലക്ഷൻ കമ്മീഷന്റെ വ്യാജ തിരിച്ചറിയൽ കാർഡുണ്ടാക്കി ഉപയോഗിച്ചുവെന്ന ശ്രീ. വി. കെ. സനോജ് ....(ബഹളം...)......

മി. സ്പീക്കർ: ......പ്ലീസ്....ഭരണപക്ഷവും പ്രതിപക്ഷവും മര്യാദ പാലിക്കണം. ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾക്ക് മറുപടി പറയാൻ അനുവദിക്കണം. സ്വാഭാവികമായും എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉന്നയിച്ചെന്നുവരും. ......പ്ലീസ്....എല്ലാ അംഗങ്ങളും സീറ്റുകളിൽ ഇരിക്കണം. .....(മൈക്ക് ഓഫ്) ..... മിനിസ്റ്റർക്ക് മറുപടി തുടരാം.

ശ്രീ. എം. ബി. രാജേഷ്: സർ, പ്രതിപക്ഷത്തിന് മറുപടി പൂർണ്ണമായും കേൾക്കാനുള്ള ക്ഷമയുണ്ടാകുമെന്ന് വിശ്വസിക്കുന്നു. യൂത്ത് കോൺഗ്രസിന്റെ സംഘടനാ തെരഞ്ഞെടുപ്പിൽ ഇലക്ഷൻ കമ്മീഷന്റെ വ്യാജ തിരിച്ചറിയൽ

കാർഡുണ്ടാക്കി ഉപയോഗിച്ചുവെന്ന് ശ്രീ. വി. കെ. സനോജ്, മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ 1490/2023 u/s 468, 465, 471 IPC, 66(c) IT Act എന്ന കേസ് രജിസ്റ്റർ ചെയ്യുകയും തിരിച്ചറിയൽ കാർഡ് വ്യാജമായി നിർമ്മിക്കാനുതകുന്ന ആപ്ലിക്കേഷൻ, പോലീസ് സൈബർ ഡോമിന്റെ സഹായത്തോടെ, ആപ്പ് നിർമ്മിച്ച പ്രതികളായ ജെയിസൺ തോമസ്, രാഗേഷ് അരവിന്ദ് എന്നിവരെ കണ്ടെത്തുകയും ചെയ്തു. അതുകൊണ്ടാണ് ഈ സംഭവം സൈബർ കുറ്റകൃത്യമാണെന്ന് പറയുന്നത്. ഒരു ആപ്പിന്റെ സഹായത്തോടെയാണ് വ്യാജ ഐ. ഡി. കാർഡുണ്ടാക്കിയിട്ടുള്ളത്. പ്രതികളുടെ പക്കൽനിന്നും വ്യാജ ഐ.ഡി., അവ നിർമ്മിക്കുന്നതിന് ഉപയോഗിച്ച ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ പോലീസ് കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ കേസ് അന്വേഷണഘട്ടത്തിലാണ്. ഇതേ കാര്യത്തിൽ ഇലക്ഷൻ കമ്മീഷനുമുമ്പാകെ നൽകിയ പരാതിയുടെ അന്വേഷണം ക്രൈംബ്രാഞ്ച് നടത്തിവരികയുമാണ്.

ശ്രീമതി യു. പ്രതിഭ: സർ, 'കൊണ്ടുനടന്നതും നീയേ ചാപ്പ, കൊണ്ടുപോയി കൊല്ലിച്ചതും നീയേ ചാപ്പ' ഇതാണ് പ്രതിപക്ഷത്തുനിന്ന് ചോദ്യം ചോദിച്ചപ്പോൾ എനിക്ക് തോന്നിയത്. (.....ബഹളം...) മഷിക്കുപ്പി സമരം....സർ എന്നെ ചോദ്യം ചോദിക്കാൻ അനുദിക്കണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, ചോദ്യം മാത്രമെ ചോദിക്കാൻ പാടുള്ളൂ.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, വ്യാജ വീഡിയോ, വ്യാജ ഫേസ്ബുക്ക് അക്കൗണ്ട്, കള്ളപ്രചരണം, അപവാദ പ്രചരണം ഇതിനായി സൈബർ കോൺഗ്രസ് എന്ന പേരിൽ ഒരു ടീം തന്നെ പ്രവർത്തിക്കുന്നുണ്ട്. ഞങ്ങളെപ്പോലെയുള്ളവർ അനുഭവസ്ഥരാണ്. ഇവർ തെരഞ്ഞെടുപ്പ് സമയത്ത് വിശ്രമമില്ലാതെ നുണഫാക്ടറികളിൽ നിന്നും നുണബോംബുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ....പ്ലീസ്....

<u>ശ്രീമതി യു. പ്രതിഭ</u>: സർ, എന്തിനധികം പറയണം, സി.പി.ഐ(എം)-ഡി.വൈ.എഫ്.ഐ. നേതാവായ ശ്രീ. എ. എ. റഹിം എം.പി.-യുടെ ഭാര്യയ്ക്കെതിരേയും അശ്ലീല പദപ്രചരണം ഇവർ നടത്തിയിട്ടുണ്ട്. കൂടാതെ ഞങ്ങളുടെയെല്ലാം പ്രിയപ്പെട്ട ഡി.വൈ.എഫ്.ഐ. നേതാവായിരുന്ന സഖാവ് പി. ബിജുവിന്റെ ഭാര്യയുടെ പേരിൽപ്പോലും വ്യാജ അശ്ലീല വീഡിയോ പ്രചരിപ്പിച്ചിട്ടുണ്ട്. എന്റെ ചോദ്യം, 'കോട്ടയം കുഞ്ഞച്ചൻ' എന്ന വ്യാജ ഫേസ് ബുക്ക് അക്കൗണ്ട് ഉപയോഗിച്ച് സ്ത്രീകൾക്കെതിരെ അശ്ലീല പോസ്റ്റുകൾ പ്രചരിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോട്ടയം കുഞ്ഞച്ചൻ എന്ന പേരിൽ ഒരു വ്യാജ ഫേസ്ബുക്ക് അക്കൗണ്ടിലൂടെ സ്ത്രീകൾക്കുനേരെ അപകീർത്തിപരമായി....(.....ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്....ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം....എല്ലാ അംഗങ്ങളും എഴുന്നേൽക്കേണ്ട, മിനിസ്റ്റർ മറുപടി പറഞ്ഞുകൊള്ളും....പ്ലീസ്......ഭരണപക്ഷത്തുള്ളവരാരും ബഹളം വെയ്ക്കുന്നില്ല. ...പ്ലീസ്.. .അദ്ദേഹം മറുപടി പറയട്ടെ.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഞാൻ കോട്ടയം കുഞ്ഞച്ചൻ എന്ന വ്യാജ ഫേസ്ബുക്ക് അക്കൗണ്ടിനെപ്പറ്റിയാണ് പറഞ്ഞത്. കുഞ്ഞച്ചന്റെ വല്യച്ഛന്മാരെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. കോട്ടയം കുഞ്ഞച്ചൻ എന്ന വ്യാജ ഫേസ്ബുക്ക് അക്കൗണ്ടിലൂടെ സ്ത്രീകൾക്കെതിരെ അപകീർത്തിപരമായും അശ്ലീലമായും പോസ്റ്റിട്ടിരുന്ന പ്രൊഫൈലിനെതിരെ തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ പരാതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഐ.ടി. നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം 63/2023 ക്രൈം നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇന്റർനെറ്റ് പ്രോട്ടോക്കോൾ ഡീറ്റെയ്ൽഡ് റിക്കോർഡ് അനാലിസിസ്, ഫെയിസ്ബുക്ക് റിപ്പോർട്ട് എന്നിവയിലൂടെ ഈ വ്യാജ

അക്കൗണ്ടിന്റെ നിർമ്മാതാവായ തിരുവനന്തപുരം, ചെങ്കൽ സ്വദേശി എബിനെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ കേസ് അന്വേഷണഘട്ടത്തിലാണ്. സമൂഹ മാധ്യമങ്ങളിലൂടെ സ്ത്രീകൾക്കെതിരെ അശ്ലീല പോസ്റ്റുകൾ പ്രചരിപ്പിക്കുന്ന ഇയാൾക്കെതിരെ പാലക്കാട് ശ്രീകൃഷ്ണപുരം സ്റ്റേഷനിൽ 544/2023 ക്രൈം നമ്പർ പ്രകാരം മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കെതിരെ തുടർച്ചയായി അശ്ലീലപ്രചരണം നടത്തുന്ന ഒരാളെക്കുറിച്ചും അയാൾക്കെതിരെ സ്വീകരിച്ച നടപടിയെപ്പറ്റിയും പറയുമ്പോൾ പ്രതിപക്ഷം ഇങ്ങനെ അസ്വസ്ഥരാകുമ്പോൾ സംശയമുന അവരിലേയ്ക്കല്ലേ നീളുന്നത്?

ശ്രീ. എം വിജിൻ: സർ, വടികൊടുത്ത് അടിവാങ്ങുന്ന പ്രവൃത്തിയാണ് പ്രതിപക്ഷം.......

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വന്നാൽമതി, വടിയും അടിയും പിന്നീട് പറയാം...

ശ്രീ. എം വിജിൻ: സർ, തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി ഏഷ്യനെറ്റ് ഓൺലൈൻ ന്യൂസിന്റെ ഡിജിറ്റൽ ലോഗോ വ്യാജമായി നിർമ്മിച്ച് തെറ്റിദ്ധാരണ പരത്തുന്ന സന്ദേശങ്ങൾ പ്രചരിപ്പിച്ച കേസിന്റെ അന്വേഷണം പ്രതികളിലേയ്ക്ക് എത്തിയിട്ടുണ്ടോ? .......(ബഹളം).......

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, (മൈക്ക് ഓഫ്) ഒരേ സമയത്ത് മൂന്ന് ഭരണകക്ഷി അംഗങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവസരം നൽകിയത് ശരിയായ നടപടിയല്ല.

<u>മി. സ്പീക്കർ</u>: നിങ്ങളാരെങ്കിലും ചോദിക്കണ്ടേ? (ബഹളം..)

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഏഷ്യനെറ്റിന്റെ ന്യൂസ് എഡിറ്ററുടെ പരാതിയിലുള്ള കേസിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. അത് തിരുവനന്തപുരം സിറ്റി സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രസ്തുത കേസിലും വിവരങ്ങൾ ഫെയ്സ്ബുക്കിൽ നിന്നടക്കം കിട്ടേണ്ടതുണ്ട്. അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഈ നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി ചോദ്യോത്തരവേള മന്ത്രിയും ഭരണകക്ഷി അംഗങ്ങളുംകൂടി ദുരുപയോഗപ്പെടുത്തുകയാണ്, അങ്ങ് ഇതിന് കൂട്ടുനിൽക്കരുത്. കാരണം ഇവിടത്തെ ചോദ്യം വളരെ സ്പെസിഫിക്കാണ്. അത്രയും വ്യക്തമായ ഒരു ചോദ്യത്തിന്റെ പേരിൽ കേരളത്തിലെ മുഴുവൻ

സൈബർ കേസുകളെക്കുറിച്ചും നിങ്ങൾ ഇവിടെ വായിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു പ്രശ്നവുമില്ല. ചോദ്യോത്തരവേള ദുരുപയോഗപ്പെടുത്തിക്കൊണ്ട്, യഥാർഥ ചോദ്യത്തിൽനിന്നും അകന്നുപോകാനും വ്യതിചലിക്കാനുമായി, മനഃപൂർവ്വം ഭരണകക്ഷിയിലെ മൂന്നുനാല് അംഗങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ചോദ്യങ്ങൾ ചോദിക്കുകയാണ്, ഇത് വളരെ സ്പെസിഫിക്കായ ചോദ്യമാണ്, കാരണം തിരഞ്ഞെടുപ്പ് വേളയിൽ ജനങ്ങളുടെ ഇടയിൽ വർഗ്ഗീയധ്രുവീകരണം ഉണ്ടാക്കുന്നതിനായി മനഃപൂർവ്വം ഒരു പ്രതിപക്ഷ യുവജന സംഘടനാ നേതാവിന്റെ പേരിൽ വ്യാജ പോസ്റ്റ് ഉണ്ടാക്കിക്കൊണ്ട് വ്യാപകമായി പ്രചരിപ്പിച്ചു. ആ നേതാവ് പോലീസ് സ്റ്റേഷനിൽ പോവുകയും തന്റെ ഫോൺ പരിശോധനാ വിധേയമാക്കണമെന്ന് ആവശ്യപ്പെടുകയുംചെയ്തു. ഫോൺ പരിശോധിച്ചശേഷം പോലീസ് പറഞ്ഞത്, ഇത് വ്യാജമാണ്, നിങ്ങളുടെ അക്കൗണ്ടിൽ നിങ്ങൾ ചെയ്തതല്ല, നിങ്ങൾ നിരപരാധിയാണെന്ന് പറഞ്ഞു. പ്രസ്തുത വിവരം കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യാജവാർത്ത പ്രചരിപ്പിച്ച ഭരണകക്ഷിയുടെ മുൻ എം.എൽ.എ., ഉത്തരവാദപ്പെട്ട നേതാക്കന്മാർ ഉൾപ്പെടെയുള്ള

ഒരാൾക്കെതിരെയും ഒരു കേസുപോലും ചാർജ്ജ് ചെയ്യാതെ, സംസ്ഥാനത്തെ സൈബർ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട, മറ്റ് നിരവധി കേസുകളെ സംബന്ധിച്ച് മറുപടിയായി പറയുന്നതിൽ എന്ത് ശരിയാണുള്ളത്?

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ....

ശ്രീ. വി. ഡി. സതീശൻ: സർ, ചോദ്യം അതുതന്നെയാണ്, ഭരണകക്ഷിയുടെ മുൻ എം.എൽ.എ.യ്ക്ക് എതിരായി എന്തുകൊണ്ട് കേസ് എടുത്തില്ല? വിദ്വേഷ വാർത്തകൾ പ്രചരിപ്പിച്ചതിന് ധാരാളം പേരുടെ പേരിൽ കേസ് എടുത്തതായി മന്ത്രി മറുപടിയിൽ പറഞ്ഞു, മുൻ എം.എൽ.എ. യുടെ ഫെയ്സ്ബുക്ക് പേജിൽ ഈ പോസ്റ്റ് ഉണ്ടായിട്ടും ഉത്തരവാദപ്പെട്ട സി.പി.ഐ(എം) നേതാക്കന്മാർ വർഗ്ഗീയധ്രുവീകരണം നടത്താനായി ഈ വാർത്ത പ്രചരിപ്പിച്ചിട്ടും എന്തുകൊണ്ട് അവർക്കെതിരെ കേസ് എടുത്തില്ല?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ദീർഘമായ ഒരു സ്റ്റേറ്റ്മെന്റ് തന്നെ നടത്തി. സ്ത്രീകൾക്കെതിരായ അശ്ലീല പ്രചരണത്തെക്കുറിച്ചും, അതുചെയ്യാനായി ഒരു വ്യാജ ഫെയ്സ്ബുക്ക് അക്കൗണ്ട് ഉപയോഗിച്ചതിനെക്കുറിച്ചും ഒരു വനിതാ അംഗം ഈ സഭയിൽ ഒരു

ചോദ്യം ചോദിച്ചാൽ ഞാൻ അതിന് മറുപടി പറയണ്ടേ? സ്ത്രീകൾക്കെതിരായ ഇത്തരത്തിലുള്ള അശ്ലീല പ്രചരണത്തെ പ്രതിപക്ഷം ഉൾപ്പെടെ ഈ സഭ ഒന്നടങ്കം അപലപിക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ എന്നെ അത്ഭുതപ്പെടുത്തുന്ന പ്രതികരണമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതെന്ന് വളരെ ഖേദപൂർവ്വം പറയട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് എന്താണ്? മുൻ എം.എൽ.എ.-ക്ക് എതിരെ എന്തുകൊണ്ട് കേസ് എടുത്തില്ല എന്നാണ് അദ്ദേഹം ചോദിച്ചത്. ശ്രീമതി കെ. കെ. ലതിക അവരുടെ ഫെയ്സ്ബുക്ക് പേജിൽ കുറിച്ച വാചകങ്ങൾ ഞാൻ വായിക്കാം, " എന്തൊരു വർഗ്ഗീയതയാണെടോ ഇത്, തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ടും നമ്മുടെ നാട് നിലനിൽക്കണ്ടേ, ഇത്ര കടുത്ത വർഗ്ഗീയത പ്രചരിപ്പിക്കരുത്" . ഇത് വർഗ്ഗീയത പ്രചരിപ്പിക്കുന്ന പോസ്റ്റാണോ, അതോ അതിനെതിരായ പോസ്റ്റാണോ? ......(ബഹളം)..... ഇത് സൃഷ്ടിച്ചത് ആരാണ്? വടകരയിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് എതിരായി ഇങ്ങനെ ഒരു പോസ്റ്റ് സൃഷ്ടിച്ചതാരാണ് എന്നതിന്റെ വിവരങ്ങളാണ് ഫെയ്സ്ബുക്കിൽനിന്നും തേടിക്കൊണ്ടിരിക്കുന്നത്. ഈ കേസിൽ എഫ്.ഐ.ആർ. വന്നിട്ടുണ്ട്. ആ

വിവരങ്ങൾ ലഭ്യമായാൽ കർശന നടപടി ഉണ്ടാകുമെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത് പ്രതിപക്ഷം ചെവിക്കൊള്ളുന്നില്ല. ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നതും സൃഷ്ടിക്കുന്നതും ആരുതന്നെയായാലും, ഫെയ്സ്ബുക്കിൽനിന്നും വിവരങ്ങൾ കിട്ടിയാലുടൻ അവർക്കെതിരെ നിയമാനുസൃതമായ കടുത്തനടപടി ഉണ്ടാകുന്നതാണ്.

## തിരഞ്ഞെടുപ്പ് പ്രചാരണ വേളയിലെ വ്യാജ പോസ്റ്റർ

(*303)ശ്രീമതി കെ. കെ. രമ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ലോക്സഭാ മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ പ്രതിപക്ഷ യുവജന സംഘടന നേതാവ് എതിർ സ്ഥാനാർഥിക്കെതിരെ വർഗീയ ചേരിതിരിവുണ്ടാക്കുന്ന പോസ്റ്റർ പ്രചരിപ്പിച്ചുവെന്ന് ഭരണകക്ഷി മുൻ എം.എൽ.എ. അടക്കമുള്ളവർ വ്യാജപ്രചാരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിപക്ഷ യുവജന സംഘടന നേതാവിന്റെ പേരിലുള്ള പ്രസ്തുത പോസ്റ്റർ വ്യാജമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഇത് പ്രചരിപ്പിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറാകുമോ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ-സി) ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യം വച്ച് നവമാധ്യമങ്ങളിൽ മത-വർഗ്ഗീയത പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയായ ശ്രീമതി കെ. കെ. ഷൈലജ ടീച്ചറുടെ തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ചുമതലക്കാരൻ ശ്രീ. സി. ഭാസ്കരൻ മാസ്റ്ററുടെ ഒരു പരാതിയും, നാട്ടിൽ മതസ്പർദ്ധയും കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്നതുമായ രീതിയിൽ സമൂഹ മാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയുടെ ഒരു പരാതിയും പോലീസിന് ലഭിച്ചിരുന്നു. രണ്ടു പരാതികളിലും പോലീസ് വിശദവും

ശാസ്ത്രീയവും സമയബന്ധിതവുമായ നടപടിയാണ് സ്വീകരിച്ചത്. കണ്ടന്റ് നീക്കം ചെയ്യുന്നതിന് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം പ്രൊഫൈൽ വിവരങ്ങളും തേടിയിട്ടുണ്ട്. അക്കൗണ്ടിന്റെ പ്രൊഫൈൽ വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. ഇത്തരം പരാതികളെല്ലാം സർക്കാർ ഗൗരവമായാണ് പരിഗണിച്ചുവരുന്നത്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, വടകര ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് 'കാഫിർ' പ്രയോഗം നടത്തിയെന്ന വ്യാജപ്രചരണം നടത്തുന്നതിനായി, ഉപയോഗിക്കപ്പെട്ട വ്യാജ പോസ്റ്റ് തയ്യാറാക്കിയത്, യൂത്ത് ലീഗ് പ്രവർത്തകനാണെന്ന് പ്രചരിപ്പിച്ച വാർത്ത, വസ്തുതാവിരുദ്ധമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയത് എപ്പോഴാണ്; ഇലക്ഷൻ പ്രചരണ പ്രക്രിയ പൂർത്തിയാകുന്നതുവരെ ഔദ്യോഗികമായി ഈ വസ്തുതകൾ പുറത്തുവിടാൻ പോലീസ് തയ്യാറായിട്ടില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, അങ്ങനെ ഒരു കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ ഇല്ല.

ശ്രീമതി കെ. കെ. രമ: സർ, വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെട്ട 'കാഫിർ' പ്രയോഗം നടത്തിയ കുറ്റ്യാടി മണ്ഡലത്തിലെ മുൻ എം.എൽ.എ. ശ്രീമതി കെ. കെ. ലതിക ഉൾപ്പെടെയുള്ളവർക്കെതിരെ ഏത് വകുപ്പുകൾ പ്രകാരമാണ് കേസെടുത്തത്; പ്രസ്തുത പോസ്റ്റ് പിൻവലിച്ചുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ആ കാര്യങ്ങളെല്ലാം ഞാൻ നേരത്തെ വിശദീകരിച്ചു, കേസ് അന്വേഷണഘട്ടത്തിലാണ്. ഈ വാർത്ത എവിടെ നിന്നാണ് സൃഷ്ടിച്ചത് എന്നതിനെ സംബന്ധിച്ച് ഫെയ്സ്ബുക്കിൽ നിന്നും വിവരങ്ങൾ തേടുന്നതാണ്. ശ്രീമതി കെ. കെ. ലതിക ഫെയ്സ്ബുക്കിൽ കുറിച്ചത് എന്താണെന്ന കാര്യവും ഞാൻ ഇവിടെ വായിച്ചതാണ്. അവർ കുറിപ്പിട്ടത് വർഗ്ഗീയ പ്രചരണത്തിന് എതിരായാണ്. സാധാരണഗതിയിൽ സമൂഹമാധ്യമങ്ങളിലെ നമ്മുടെ ആരുടെയെങ്കിലും പോസ്റ്റിനെ ദുരുപയോഗം ചെയ്ത് നാട്ടിൽ പ്രശ്നം സൃഷ്ടിക്കാൻ ശ്രമിച്ചാൽ, ഏറ്റവും പക്വവും

വിവേകപൂർണ്ണവുമായ നടപടി അത് പിൻവലിക്കുക എന്നതാണ്. അങ്ങനെ നമ്മളിൽ പലരും പിൻവലിച്ചിട്ടില്ലേ; അത് ഒരോന്നായി ഇപ്പോൾ പറയേണ്ടതുണ്ടോ; പലതരത്തിലുള്ള പോസ്റ്റുകൾ, അതിൽതന്നെ സ്വന്തമായ അഭിപ്രായം വന്നത്, അല്ലെങ്കിൽ അത് ഏൽപ്പിച്ച് ആരെങ്കിലും ചെയ്തത് എന്നിങ്ങനെയുള്ളവ അനുചിതമാണെന്നോ തെറ്റാണെന്നോ കണ്ടെത്തിയപ്പോൾ പിൻവലിച്ചിട്ടില്ലേ? അതൊരു വിവേകപൂർണ്ണമായ നടപടിയാണ് എന്നാണ് പറയാനുള്ളത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, അന്വേഷണത്തിലുള്ള ഈ കേസിൽ ശ്രീമതി കെ. കെ. ലതിക കുറ്റംചെയ്തിട്ടില്ലെന്ന് പ്രഖ്യാപിക്കുന്ന മന്ത്രിയുടെ സ്റ്റേറ്റ്മെന്റ് നിയമവാഴ്ചയ്ക്ക് എതിരാണ്. ഇത്തരത്തിൽ തെറ്റായ പ്രൊഫൈലുകൾ സൃഷ്ടിച്ച് വ്യാജവാർത്തകൾ സൃഷ്ടിക്കുന്നവർക്കെതിരെ ബഹുമാനപ്പെട്ട എം. വി. ജയരാജൻ ഒരു വാക്ക് ഉപയോഗിച്ചിട്ടുണ്ട്. 'റെഡ് ആർമി', 'ചെങ്കോട്ട', 'ചെങ്കതിർ' എന്നീ പേരുകളിലൊക്കെ പ്രചരണം നടത്തുന്ന ആളുകളെ അദ്ദേഹം വിളിച്ചത് എരണംകെട്ടവരെന്നാണ്. അങ്ങയുടെ പാർട്ടിയുടെ ഒരു ജില്ലാസെക്രട്ടറി അങ്ങയുടെ പാർട്ടി സഖാക്കളെക്കുറിച്ച് അങ്ങനെ

പറയാനിടയാക്കിയ സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ആളുകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം ആദ്യം പറഞ്ഞ കാര്യം വസ്തുതാവിരുദ്ധമാണ്. മുൻ എം.എൽ.എ. ശ്രീമതി കെ. കെ. ലതിക കുറ്റം ചെയ്തോ ഇല്ലയോ എന്ന വിധിപ്രസ്താവം ഇവിടെ നടത്തിയിട്ടില്ല. അവരുടെ ഫെയ്സ്ബുക്ക് പേജിൽ അവർ കുറിച്ച അഭിപ്രായപ്രകടനം ഇന്നതാണ് എന്നമാത്രമാണ് പറഞ്ഞിട്ടുള്ളത്. (ബഹളം...)

മി. സ്പീക്കർ: അദ്ദേഹം ഉത്തരം പൂർത്തിയാക്കട്ടെ, ഉത്തരത്തിന്റെ രണ്ടാം ഭാഗം പറയട്ടെ, പ്ലീസ്... പ്ലീസ്..

ശ്രീ. എം. ബി. രാജേഷ്: സർ, അവരുടെ ഫെയ്സ്ബുക്ക് പോസ്റ്റിൽ എന്താണ് കുറിച്ചതെന്ന വിവരം എന്റെ കൈവശമുണ്ടല്ലോ, പ്രസ്തുത പോസ്റ്റിനെക്കുറിച്ച് ഇവിടെ പരാമർശമുണ്ടായപ്പോൾ അത് വായിച്ചതാണ്. രണ്ടാമത്തെ കാര്യം, സമൂഹമാധ്യമങ്ങൾ ഉപയോഗിച്ച് ഇത്തരം സാമൂഹിക വിരുദ്ധമായ ദുഷ്പ്രചരണം നടത്തുന്ന ശക്തികളെ പലരും ഇത്തരത്തിൽ വിശേഷണം നടത്തിയിട്ടുണ്ട്. ഏതെങ്കിലും ഒരു വ്യക്തി നടത്തിയ

വിശേഷണത്തെക്കുറിച്ച് ഇവിടെ പറയേണ്ട ആവശ്യമില്ല. സമൂഹമാധ്യമങ്ങൾ ഉപയോഗിച്ച് ദുഷ്പ്രചരണം നടത്തുന്നവരെ സാമൂഹിക വിരുദ്ധരായിട്ടാണ് കാണുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അങ്ങ് നിയമസഭയിൽ ശ്രീമതി കെ. കെ. ലതികയെക്കുറിച്ച് അവരുടെ ഫേസ്ബുക്ക് പരാമർശം വായിച്ചശേഷം പറഞ്ഞത് ഒരു മതസൗഹാർദ്ദമുണ്ടാക്കാൻ വേണ്ടി അവർ ഉപയോഗിച്ച വാക്കുകളാണ്........

മി. സ്പീക്കർ: യെസ്..... പ്ലീസ്......ചോദ്യത്തിലേയ്ക്ക് വരൂ......

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അങ്ങനെയൊരു മതസൗഹാർദ്ദമുണ്ടാക്കാൻ വേണ്ടിയാണെങ്കിൽ അവർക്കൊരു താമ്രപത്രം നൽകിയാൽ നന്നായിരിക്കും. കേരളത്തിൽ രാഷ്ട്രീയ കൊലപാതകങ്ങൾക്കും വ്യക്തിഹത്യയ്ക്കും ഒരു modus operandi ഉണ്ട്. നിഷ്ഠൂരമായ കൊലനടത്തിയശേഷം മാഷാ അള്ളാ എന്ന.......

മി. സ്പീക്കർ: യെസ്.........ചോദ്യത്തിലേയ്ക്ക് വരൂ.....

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പ്രസ്തുത കേസിൽ കാണിക്കുന്ന ഈ പ്രവണത തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, താമ്രപത്രം വേണോ കുറ്റപത്രം വേണോ എന്നൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. ആ കാര്യങ്ങളെല്ലാം പിന്നീട് അന്വേഷണത്തിന്റെ ഭാഗമായി വരട്ടെ. ഇത്തരം എല്ലാ പ്രചരണങ്ങളെയും, സമൂഹമാധ്യമങ്ങളെ ഉപയോഗിച്ച് നടത്തുന്ന തെറ്റായ സാമൂഹ്യവിരുദ്ധ പ്രചരണങ്ങളെ സർക്കാർ കർശനമായിത്തന്നെ നേരിടും.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, വർഗ്ഗീയമായ ചേരിതിരിവുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ വ്യാജ പോസ്റ്റ് പ്രചരിപ്പിച്ച സംഭവത്തിൽ മുൻ എം.എൽ.എ. ശ്രീമതി കെ. കെ. ലതികയുടെ മൊഴിയെടുത്തിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉദാസീനത വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അക്കാര്യങ്ങളെല്ലാം വിശദീകരിച്ചതാണ്. കേസ് അന്വേഷണഘട്ടത്തിലാണ്.

## ബാറുടമകളുടെ പരാതിയിന്മേൽ നടപടി

(304) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും എക്സൈസ്, ടൂറിസം മന്ത്രിമാരുടെയും പാർട്ടിയുടെയും പേരുപറഞ്ഞ് ബാർ ഉടമകളുടെ സംഘടനയായ ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ ഭീഷണിപ്പെടുത്തി പണപ്പിരിവ് നടത്തുകയാണെന്ന് സംഘടനയുടെ ജില്ലാ ഘടകങ്ങളിലെ അംഗങ്ങൾ മുഖ്യമന്ത്രിക്ക് പരാതി നൽകിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ- എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ-സി) ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ എന്ന സംഘടനയുടെ ജില്ലാ ഘടകങ്ങളുടെ അംഗങ്ങളാണെന്ന് അവകാശപ്പെട്ട് പേര് വെളിപ്പെടുത്താത്ത ഒരു പരാതി മുഖ്യമന്ത്രിക്കും പകർപ്പ് എക്സൈസ് കമ്മീഷണർക്കും ലഭിച്ചിരുന്നു. പ്രസ്തുത പരാതിയിൽ എക്സൈസ് ആസ്ഥാനത്തെ ആഭ്യന്തര വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയുണ്ടായി. പരാതിയിൽ കഴമ്പുള്ളതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എ. പി. അനിൽകുമാർ: സർ, ബാറുടമകൾ മദ്യനയം തിരുത്താൻ സർക്കാരിന് പണം നൽകാൻ പിരിവ് നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒരു പരാതി കേരളത്തിലെ മുഖ്യമന്ത്രിക്ക് നൽകിയിരുന്നു. ആ പരാതിയുടെ അന്വേഷണം ഏത് ഘട്ടത്തിലാണ്?

ശ്രീ. എം. ബി. രാജേഷ്: സർ, ഇപ്പോൾ ബാറുടമകളുടെ പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയകാര്യം ഞാൻ ഇവിടെ പരാമർശിച്ചു. സാധാരണഗതിയിൽ ഒരു ഊമക്കത്തായിട്ടാണ് പരാതി ലഭിച്ചിട്ടുള്ളത്. ആളും നാഥനുമില്ലാത്ത ഒരു പരാതിയാണ്. അതുസംബന്ധിച്ച് എക്സൈസ് കമ്മീഷണർ

പരിശോധിക്കുകയുണ്ടായി. എക്സൈസ് വിജിലൻസ് വിഭാഗം 7 പേരെ കണ്ട് വിവരങ്ങൾ ചോദിച്ചറിഞ്ഞു. എന്നാൽ ഇത്തരത്തിലൊരു പണപ്പിരിവ് നടത്തിയതായി തെളിയിക്കാൻ കഴിയുന്ന മൊഴികളോ തെളിവുകളോ ലഭിച്ചിട്ടില്ല. അസോസിയേഷന് കെട്ടിടം വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വീതം പണപ്പിരിവ് നടന്നുവെന്നത് വാസ്തവമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പണപ്പിരിവ് നൽകാത്തതിനെത്തുടർന്ന് ഏതെങ്കിലും തരത്തിൽ ഭീഷണിപ്പെടുത്തി പണം വാങ്ങിയെന്ന ആക്ഷേപത്തിൽ കഴമ്പില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഈ സംഘടനയിലെ അംഗങ്ങൾക്കിടയിലെ പടലപിണക്കമാണ് പരാതിയുടെ കാരണമെന്നും കണ്ടെത്തിയിട്ടുണ്ട്. ഇതാണ് ഇപ്പോൾ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഊരും പേരുമില്ലാത്ത പരാതിയായിരുന്നു ആദ്യം കിട്ടിയത്. പിന്നീട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റേതായി ഒരു പരാതി അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നടത്തിയ അന്വേഷണത്തിൽ ഒരു തരത്തിലുമുള്ള കഴമ്പുമില്ലെന്നാണ് കണ്ടെത്തിയത്.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, എന്റെ ചോദ്യം സ്പെസിഫിക്കായിരുന്നു. കേരളത്തിന്റെ പ്രതിപക്ഷനേതാവാണ് മുഖ്യമന്ത്രിക്ക് പരാതി കൊടുത്തത്. അതിന്റെ അന്വേഷണം എന്തായി എന്നായിരുന്നു എന്റെ ചോദ്യം. അങ്ങ് അതിന് വ്യക്തമായ മറുപടി പറഞ്ഞില്ല. മുഖ്യമന്ത്രിക്ക് ലഭിച്ച പരാതിയിൽത്തന്നെ പണം നൽകാത്ത ബാറുടമകൾക്കെതിരെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർതന്നെ കേസടക്കമുള്ള നടപടികൾ സ്വീകരിച്ച് അവരെ ഭയപ്പെടുത്തി പണം കൊടുക്കണമെന്ന് അന്ന് പറഞ്ഞിരുന്നു. ഇത്രയും ഗൗരവമായ ഒരു കേസ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതുപോലെ ഒരു വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് ഈ സഭ വലിയ വിവാദങ്ങൾക്കും ഒച്ചപ്പാടുകൾക്കും വിധേയമായത്. വിജിലൻസ് എൻക്വയറി നടത്താനായിരുന്നു അന്ന് ആവശ്യപ്പെട്ടത്. അന്നത്തെ ഗവൺമെന്റ് അത് നടത്തി. അത്തരത്തിലുള്ള വിപുലമായൊരു വിജിലൻസ് അന്വേഷണം ഇതുമായി ബന്ധപ്പെട്ട് നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അദ്ദേഹത്തിന്റെ ആദ്യത്തെ ചോദ്യത്തിന് ഞാൻ വ്യക്തമായിത്തന്നെ മറുപടി നൽകിയിട്ടുണ്ട്. എക്സൈസ് അന്വേഷിച്ച് 7

പേരെ കണ്ടെത്തി വിവരങ്ങൾ ശേഖരിച്ചിട്ടും ഇതുമായി ബന്ധപ്പെട്ട തെളിവോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ ഈ പരാതിക്ക് അടിസ്ഥാനമുണ്ടെന്ന് കാണാവുന്ന മറ്റൊന്നും ലഭിച്ചിട്ടില്ലെന്ന കാര്യവും പരാതിയിൽ കഴമ്പില്ലെന്നും ഇവർ തമ്മിലുള്ള പടലപിണക്കമാണ് കാരണമെന്നും കണ്ടെത്തിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കാൻവേണ്ടി പണം പിരിച്ചിട്ടുണ്ടെന്നാണ് ആകെ കണ്ടെത്തിയത്. ഇവിടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്നതിന് സമാനമായിട്ടുള്ള ആക്ഷേപമല്ല ഈ കാര്യത്തിൽ വന്നിട്ടുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മളെല്ലാം ശബ്ദരേഖ കേട്ടതാണ്. പുതിയ മദ്യനയം കൊണ്ടുവരാൻവേണ്ടി രണ്ടരലക്ഷം രൂപ പിരിവ് കൊടുക്കണമെന്ന് ആ ശബ്ദരേഖയിൽ വ്യക്തമായി പറയുന്നുണ്ട്. ഒരു ലക്ഷം രൂപ കെട്ടിട ഫണ്ട് പിരിക്കാൻവേണ്ടിയാണ് ആ നിർദ്ദേശമുണ്ടായതെന്നും അവരുടെ പടലപിണക്കമാണെന്നും ഇവിടെ പുതിയ കഥകളുണ്ടാക്കുകയാണ്. ഒരു ലക്ഷം രൂപ കെട്ടിട ഫണ്ട് പിരിക്കാനെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതിനകത്തൊരു വൈരുദ്ധ്യമുണ്ട്. എവിടെയാണ് പടലപിണക്കമുണ്ടായത്? ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പടലപിണക്കമുണ്ടായതാണോ അല്ലെങ്കിൽ

അവിടെ ആശയക്കുഴപ്പമുണ്ടായതാണോയെന്ന് സംശയമുണ്ട്. പറഞ്ഞത് ഒരു ലക്ഷമാണോ അതോ രണ്ട് ലക്ഷമാണോ എന്ന് സംശയമുണ്ട്. ഈ വൈരുദ്ധ്യം കേരളത്തിലെ ഭക്ഷണം കഴിക്കുന്ന എല്ലാവർക്കും വ്യക്തമായി മനസ്സിലാകുന്നുണ്ട്. അത് ഗവൺമെന്റിനും പാർട്ടിക്കും മനസ്സിലാകുന്നില്ല. ആ വൈരുദ്ധ്യത്തെക്കുറിച്ച് വ്യക്തമായ അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, അന്വേഷണം നടത്തിയ കണ്ടെത്തൽ ഞാനിവിടെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എം. വിൻസെന്റ്: അഴിമതിയെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുപറയുന്നവർക്ക് വിസിൽ ബ്ലോവേഴ്സ് പ്രൊട്ടക്ഷൻ ആക്ടും വിറ്റ്നെസ് പ്രൊട്ടക്ഷൻ സ്കീമും നിലവിലുള്ള ഒരു നാടാണ് നമ്മുടേത്. അഴിമതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയിട്ടുള്ളവരും അതിനെക്കുറിച്ച് പുറത്ത് പറഞ്ഞവർക്കെതിരെയുമാണ് അന്വേഷണം നടത്തുന്നത്. അഴിമതി വിരുദ്ധ സർക്കാരാണെങ്കിൽ അഴിമതിയെക്കുറിച്ച് ഏതൊരു ഇൻഫർമേഷൻ കിട്ടിയാലും യഥാർത്ഥമായിട്ടുള്ള അന്വേഷണം നടത്തേണ്ടുന്നതിന് പകരം ഈ

നിയമങ്ങൾ നിലനിൽക്കെ പ്രസ്തുത വിവരം പറഞ്ഞവർക്കെതിരെ അന്വേഷണം നടത്തുന്നത് ശരിയാണോ?

ശ്രീ. എം. ബി. രാജേഷ്: സർ, പരിപൂർണ്ണമായും അടിസ്ഥാനരഹിതമായിട്ടുള്ള കാര്യമാണ് ശ്രീ. എം. വിൻസെന്റ് ഇവിടെ പറഞ്ഞിട്ടുള്ളത്. വിവരം തന്നവർക്കെതിരെ എന്ത് അന്വേഷമാണ് നടന്നത്? ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സമാനമായിട്ടുള്ളൊരു കാര്യം അടിയന്തരപ്രമേയത്തിന്റെ ചർച്ചയിൽ പറഞ്ഞ സമയത്തുതന്നെ ഞാൻ ആ പരാതി ഇവിടെ എടുത്തുവായിച്ചു. പരാതി എന്താണ്? പണപ്പിരിവ് നടത്തുന്നുവെന്ന ആക്ഷേപത്തെക്കുറിച്ചും അതിനുള്ള നീക്കത്തെക്കുറിച്ചും അന്വേഷിക്കണമെന്നാണ് ഡി.ജി.പി.-ക്ക് കൊടുത്ത പരാതിയിൽ പറയുന്നത്. അതിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങളും അപൂർവ്വം ചില മാധ്യമങ്ങളും പ്രചരിപ്പിച്ചതെന്തായിരുന്നു? പണപ്പിരിവിനെക്കുറിച്ചല്ല, ഗൂഢാലോചയെക്കുറിച്ചാണ് അന്വേഷിക്കുന്നത് എന്നാണ് പ്രചരിപ്പിച്ചത്. എന്നാൽ ആ പരാതി ഇവിടെ സഭയിലെടുത്ത് വായിച്ചു. അതുകഴിഞ്ഞശേഷം ആ പ്രചരണം ഇപ്പോൾ നടത്തുന്നില്ല. ഇപ്പോൾ സഭയിൽ വീണ്ടും

തെറ്റിദ്ധരിപ്പിക്കുന്നൊരു പരാമർശം നടത്തിയിരിക്കുകയാണ്. ഈ ശബ്ദരേഖയെക്കുറിച്ച് ഒരു ഭാഗത്ത് ഡി.ജി.പി.-യുടെ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. നേരത്തെ കിട്ടിയത് ഊരും പേരുമില്ലാത്ത പരാതിയായിട്ടുപോലും അന്വേഷിച്ചു. അന്വേഷിക്കണ്ടേയെന്നാണ് അദ്ദേഹം ചോദിച്ചത്. അന്വേഷിച്ചിട്ട് അതിൽ കഴമ്പില്ലെന്ന് കണ്ടെത്തി. മറ്റേ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

## ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെ ക്രമക്കേടുകൾ തടയാൻ നടപടി

(305) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്: ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും ജില്ലാ ഓഫീസുകളിലും ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭക്ഷ്യസാധനങ്ങൾക്ക് ഗുണനിലവാരമില്ലെന്ന പരിശോധനാ ഫലത്തിന്മേൽ നടപടി സ്വീകരിക്കുന്നില്ലെന്ന പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന് അതത് വർഷം റിട്ടേൺ ഫയൽ ചെയ്യണമെന്ന വ്യവസ്ഥ പാലിക്കാത്ത ഭക്ഷ്യോല്പന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിലും ജില്ലാ ഓഫീസുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന 2018 മുതൽ തുടർച്ചയായി നടത്തിവരുന്നു. അത്തരത്തിൽ ലഭ്യമാക്കിയിട്ടുള്ള പരിശോധനാ റിപ്പോർട്ടുകളിൽ ഒന്നും തന്നെ ഗുരുതരമായ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ ചട്ടപ്രകാരം കർശന നടപടി കൈക്കൊള്ളുന്നുണ്ട്. ഉദ്യോഗസ്ഥർക്കെതിരെ ലഭിയ്ക്കുന്ന പരാതികൾ പരിശോധിയ്ക്കുന്നതിനായി ഒരു ഇന്റേണൽ വിജിലൻസ്

കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് . പരാതിയുടെ ഗൗരവം പരിശോധിച്ച് മുതിർന്ന ഉദ്യോഗസ്ഥരെ അന്വേഷണ ഉദ്യോഗസ്ഥരായി നിയമിച്ച് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ട് . ഒരു ഉദ്യോഗസ്ഥനെ നിലവിൽ സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് എല്ലാ വർഷവും നടന്നുവരുന്നുണ്ട്. ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഹാര നടപടികൾ കാര്യാലയത്തിൽ സ്വീകരിച്ച് വരുന്നുണ്ട്. ജില്ലാകാര്യാലയങ്ങളിലും ലാബുകളിലും അവശ്യം വേണ്ട ആഭ്യന്തര പരിശോധന നടത്തിവരുന്നുണ്ട് . ധനകാര്യ പരിശോധനാ വിഭാഗം വിവിധ കാര്യാലയങ്ങളിൽ നടത്തുന്ന പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പരിഹാര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ സംസ്ഥാനത്ത് പ്രധാനമായും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ അനലിറ്റിക്കൽ ലാബുകളിലാണ് പരിശോധിച്ച് വരുന്നത്. ടി ലാബുകളിൽ നടത്തുന്ന പ്രാഥമിക പരിശോധനകളിൽ Unsafe

ആയി കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട ഭക്ഷ്യോല്പന്നത്തിന്റെ ഉൽപ്പാദനവും, വിതരണവും, വിൽപ്പനയും 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 36(3)(b) പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് അതത് ജില്ലകളിലെ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ നിരോധന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അത്തരത്തിൽ നിരോധിക്കപ്പെട്ട സാധനങ്ങൾ വിപണിയിൽ നിന്ന് പിൻവലിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടി ഉറപ്പാക്കാറുമുണ്ട്. നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങൾ വിപണിയിൽ നിന്ന് പിൻവലിയ്ക്കുന്ന നടപടിക്രമം ഉറപ്പാക്കുന്നതിന് 2017 ലെ Food Safety and Standards (Food Recall Procedure) റെഗുലേഷനിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതും ആയത് കർശനമായി ഉറപ്പാക്കി വരുന്നതുമാണ്. ഇത് സംബന്ധിച്ച് Food Safety and Standards Authority of India നൽകുന്ന തുടർ നിർദ്ദേശങ്ങളും വകുപ്പിൽ നടപ്പിലാക്കിവരുന്നുണ്ട്. Food Safety and Standards Authority of India ഇത് സംബന്ധിച്ച് 18/06/2024 തീയതിയായി ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശപ്രകാരം 2017-ലെ Food Safety

and Standards (Food Recall Procedure) Regulation 5(3) പ്രകാരം Food Safety and Standards Authority of India യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ അതത് സംസ്ഥാനങ്ങളിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറോ Recall ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006, Regulation (Licensing and Registration of Food Business) 2011 നിഷ്കർഷിക്കുന്നതനുസരിച്ച് ഭക്ഷ്യ ഉൽപ്പാദകരും, റീപാക്ക് ചെയ്യുന്നവരും, ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്യുന്നവരുമായ ഭക്ഷ്യ സംരംഭകർ മാത്രം വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. ഫയൽ ചെയ്യുന്നതിന് കാലതാമസം വരുന്ന പക്ഷം അവസാന തീയതിയ്ക്കു ശേഷം വരുന്ന ഓരോ ദിവസവും 100 രൂപ എന്ന നിരക്കിൽ പിഴ ഈടാക്കുന്നതാണ്. ഭക്ഷ്യ സംരംഭകർക്ക് foscos.fssai.gov.in എന്ന വെബ്സൈറ്റ് മുഖേന നേരിട്ട് വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനും പിഴയടക്കുന്നതിനും സാധിക്കുന്നതാണ്. പിഴ തുക മുഴുവൻ ഒടുക്കാത്തപക്ഷം ഭക്ഷ്യ സംരംഭകർക്ക്

അവരുടെ ഭക്ഷ്യ സുരക്ഷാ ലൈസൻസ് പുതുക്കുവാൻ സാധിക്കുന്നതല്ല. ഭക്ഷ്യ സുരക്ഷാ ലൈസൻസ് ഇല്ലാത്തപക്ഷം ബന്ധപ്പെട്ട സ്ഥാപനത്തിന് പ്രവർത്തനം സാധ്യമല്ല. അങ്ങനെ കണ്ടെത്തുന്നപക്ഷം ഉചിതമായ നിയമ നടപടികൾ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ചു വരുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കേരളത്തിൽ ഇപ്പോൾ ട്രോളിംഗിന്റെ സമയമാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് ധാരാളം മത്സ്യം കേരളത്തിലേയ്ക്ക് വരുന്നുണ്ട്. അതിൽ ഫോർമാലിൻ അടക്കമുള്ള ഗുരുതരമായ രാസവസ്തുക്കൾ പ്രയോഗിച്ചിട്ടുള്ള മത്സ്യമാണ് വരുന്നതെന്ന ആരോപണമുണ്ട്. ഈ ദിശയിൽ അന്വേഷണം നടന്നിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസുകൾ സമീപ ദിവസങ്ങളിൽ പിടിക്കപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഈ കാലഘട്ടത്തിൽ സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് ഏറ്റവും പ്രാധാന്യം നൽകി നടത്തുന്നത് മത്സ്യങ്ങളുടെ പരിശോധനയാണ്. സംസ്ഥാന വ്യാപകമായി ഇതുമായി ബന്ധപ്പെട്ടുള്ള പരിശോധനകൾ നടത്തുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് നടത്തിയ പരിശോധനകളിലും നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും

ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് കാണാൻ കഴിയും. ബഹുമാന്യനായ അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിൽ ശക്തമായ പരിശോധന നടന്നുവരുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്നത്തെ ഭക്ഷ്യസംസ്കാരംതന്നെ മാറിയിരിക്കുകയാണ്. കാരണം പൂർണ്ണമായും ഓൺലൈനിൽ ഓർഡർ ചെയ്ത് ഭക്ഷണം വാങ്ങി കഴിക്കുന്നൊരു ശീലമാണ് കാണുന്നത്. അപ്പോൾ ഇതുമായി ബന്ധപ്പെട്ട പരിശോധനകൾക്ക് വളരെ പ്രസക്തിയുണ്ട്. ഇപ്പോഴുള്ള സംവിധാനത്തിന്റെ പോരായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യത്തിന് ഉദ്യോഗസ്ഥരില്ല, ജില്ലാതല ഓഫീസുകളിൽ സംവിധാനങ്ങളില്ല, വാഹനങ്ങളില്ല അവ പരിഹരിക്കാൻ നടപടിയുണ്ടാകുമോ?

ശ്രീമതി വീണാ ജോർജ്: സർ, രാജ്യത്തെ പൊതുകണക്ക് പരിശോധിക്കുമ്പോൾ ഏറ്റവുമധികം പരിശോധന നടക്കുന്ന സംസ്ഥാനം കേരളമാണ്. അതുകൊണ്ടാണ് ചരിത്രത്തിലാദ്യമായി ഭക്ഷ്യസുരക്ഷയിൽ രാജ്യത്ത് ഒന്നാംസ്ഥാനം കഴിഞ്ഞവർഷം ലഭിച്ചത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് കുറ്റമറ്റതാക്കുന്നതിനുവേണ്ടി ഗണ്യമായ വർദ്ധന

പരിശോധനകളിലുണ്ടായിട്ടുണ്ട്. ഏഴായിരം എന്നതിന്റെ എത്രയോ ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. മാത്രമല്ല, ഓൺലൈനായി അപ്പോൾത്തന്നെ എൻട്രി ചെയ്യാൻവേണ്ടി ആദ്യമായി സംവിധാനമേർപ്പെടുത്തി. അതുകൊണ്ട് ഒരുതരത്തിലുള്ള സ്വാധീനങ്ങളും അതിലുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻവേണ്ടി എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് നടക്കുന്നയിടത്തുതന്നെ ഓൺലൈനായി ഭക്ഷ്യസുരക്ഷാ ഓഫീസർ അത് എന്റർ ചെയ്തിരിക്കണം. അത് പൂർണ്ണമായും ഇപ്പോൾ നമ്മൾ നടപ്പിലാക്കിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

----------------------